നിയമസംസ്കാരകേന്ദ്രത്തിന്റെ

# ജനനീതി

165

ജനുവരി 2011

3.00 ക.



മുഖ്യമന്ത്രി നിധീശ്കുമാർ

# സൂകി മോചിതയായി

**- ലാറി ജഗാൻ -**

മ്യാൻമാറിലെ ജനാധിപത്യ പ്രസ്ഥാനത്തിന്റെ നേതാവായ ഓങ് സാൻ സൂകി പത്തുകൊല്ലത്തോളം നീണ്ടു നിന്ന വീട്ടുതടങ്ങലിന്നു ശേഷം നവമ്പർ 13ന്ന് മോചിതയായി. ദീർഘകാലം തടങ്ങലിലായിരുന്നിട്ടും സൂകിയുടെ ജനപിന്തുണക്ക് ലേശം പോലും ക്ഷീണം തട്ടിയിട്ടില്ലെന്ന് അവരെ സ്വീകരിക്കാനെത്തിയ നാല്പതിനായിരത്തിൽ പരം ജനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഇതിന്നു മമ്പ് 2002 മേയിലാണ് സൂകിക്ക് തടങ്കലിൽ നിന്ന് ഹ്രസ്വകാലത്തേക്ക് മോചനം ലഭിച്ചത്. അന്നവരെ സ്വീകരിക്കാനെത്തിയവരേക്കാൾ വമ്പിച്ച ജനതതിയാണ് ഇത്തവണ "ജനാധിപത്യത്തിനുള്ള നാഷനൽ ലീഗ്" എന്ന സംഘടനയുടെ ആസ്ഥാന മന്ദിരത്തിൽ തടിച്ചുകൂടിയത്.



ഓങ് സാൻ സൂകി

സൂകിയെ മോചിപ്പിക്കുന്നതിന്ന് തൊട്ടുമുമ്പ് പട്ടാള മേധാവിമാർ ഒരു തിരഞ്ഞെടുപ്പു പ്രഹസനം സംഘടിപ്പിച്ചിരുന്നു. തിരഞ്ഞെടുപ്പു ഫലം പട്ടാള മേധാവിമാർക്ക് അനുകൂലമാകുമെന്നു പറയേണ്ടതില്ല. നാഷനൽ ലീഗ് തിരഞ്ഞെടുപ്പിനെ ബഹിഷ്ക്കരിച്ചിരിക്കുകയായിരുന്നു. തിരഞ്ഞെടുപ്പു ഫലം എന്തായാലും നാലിലൊരു ഭാഗം സീറ്റ് പട്ടാളക്കാർക്ക് സംവരണം ചെയ്തിരിക്കുകയാണ്.

പട്ടാള മേധാവിയായ ജന: താൻഷെയുടെ കൈകളിലാണ് ചരടുകളെല്ലാം. പട്ടാള മേധാവികളുമായി ചർച്ച നടത്താൻ സൂകി സന്നദ്ധയായിട്ടുണ്ടെങ്കിലും അതുകൊണ്ട് ഫലമെന്തെങ്കിലും ഉണ്ടാകുമെന്ന് തോന്നുന്നില്ല. പട്ടാള ഭരണത്തിന്നെതിരായി വളർന്നു വരുന്ന ലോകാഭിപ്രായത്തെ ഒന്നു തണുപ്പിക്കുക എന്നതു മാത്രമാണ് ജന: താൻഷെയുടെ ലക്ഷ്യമെന്നു കരുതപ്പെടുന്നു.

മ്യാൻമാറിലെ പട്ടാള ഭരണത്തെ തുറന്നെതിർക്കാൻ ആരും തയ്യാറാകുന്നില്ലെന്നതാണ് മ്യാൻമാർ പ്രശ്നത്തിന്റെ ഒരു പ്രത്യേകത. ചീന പട്ടാള ഭരണത്തെ പിന്താങ്ങുന്നു. മറ്റുള്ള രാജ്യങ്ങൾ എങ്ങും തൊടാത്തൊരു നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യ രണ്ടു വഞ്ചിയിലും കാൽകുത്തി നിൽക്കുന്നു. നെഹ്റുവിന്റെ ഇന്ത്യയല്ല മൻമോഹന്റെ ഇന്ത്യ.

ജനങ്ങളുടെ കാര്യവും മഹാകഷ്ടമാണ്. പാക്കിസ്താനിൽ മിക്ക ഭരണാധികാരികളും ജനകീയ സമരങ്ങളിൽ അടിപതറി പോയവരാണ്. എന്നാൽ മ്യാൻമാറിൽ അത്തരമൊരു ജനകീയ സമരം രൂപം കൊള്ളുന്നില്ല. പോരെങ്കിൽ വിവിധ ഗോത്രവർഗ്ഗക്കാർ തമ്മിലുള്ള കുടിപ്പക പട്ടാള ഭരണത്തിന്ന് പ്രസക്തിയുണ്ടാക്കുകയും ചെയ്യുന്നു. ഇതിനെല്ലാമിടയിൽ സൂകിക്ക് എന്തു ചെയ്യാൻ കഴിയും? ❏


**ജനനീതി**

ജനുവരി 2011

**165**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**

**സി.പി. ഗംഗാധരൻ**

**ഫ്രാൻസീസ് സേവ്യർ**

**പി.എൻ. ഗോപീകൃഷ്ണൻ**

**എൻ.എൻ. ഗോകുൽദാസ്**

**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**

**പി.ബി. നമ്പർ 8**

**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**

**തൃശൂർ – 680 651**

Tel :-487 2373479, 2373281

Fax:-487- 2373281

E-mail: gpneethi@sancharnet.in

Web: www.jananeethi.org


എഡിറ്റോറിയൽ

# കോമൺവെൽത്ത് ഗെയിംസ്; രണ്ടാം തലമുറ സ്പെക്ട്രം; 'ആദർശ' വീരന്മാർ

ഒരു മാസത്തിന്നിടയിൽ ഇന്ത്യക്കാരുടെ തലയിൽ പൊട്ടിവീണ മൂന്നു നാണക്കേടുകളാണിവ. വേറെയില്ലെന്നല്ല; ഇവയുടെ കൊച്ചനുജന്മാർ നൂറുകണക്കിന്ന് വേറേയുമുണ്ട്.

സ്വാതന്ത്ര്യ സമരകാലത്ത് മഹാകവി വള്ളത്തോൾ ഗാന്ധിജിയെക്കുറിച്ചു രചിച്ച ഒരു പദ്യത്തിൽ ഇങ്ങനെയൊരു ഈരടിയുണ്ട്–

*ഗംഗയാറൊഴുകുന്ന നാട്ടിലേ*
*ശരിക്കിത്ര*
*മംഗളം കായ്ക്കും കല്പ*
*പാദപമുണ്ടായ്‌വരൂ.*

ഗംഗയാർ ഇന്നും ഒഴുകുന്നുണ്ട്. അതിലെ തീർത്ഥജലം മുഴുവനും ഇപ്പോൾ മലിനജലമായിട്ടുണ്ടെന്നേയുള്ളൂ; കല്പവൃക്ഷങ്ങൾക്കും ക്ഷാമമൊന്നുമില്ല; എന്നാൽ അവയിൽ കായ്ക്കുന്നതെല്ലാം കയ്പേറിയ അമംഗളങ്ങളാണ്. കാലഗതിയിൽ സംഭവിച്ച പരിണാമം.

ഗാന്ധിജി, നെഹ്റു, ജയപ്രകാശ്, ആസാദ്, രാജാജി, കൃപലാനി, സരോജിനി നായിഡു, ബോസ് തുടങ്ങി നമ്മുടെ ഇക്കണ്ടവാരിയർ വരെയുള്ള മഹാമതികളാൽ തിങ്ങിനിറഞ്ഞ് വിങ്ങിപ്പൊട്ടിക്കൊണ്ടിരുന്ന ഭാരതം രാജമാർക്കും കൽമാഡിമാർക്കും ചവാൻമാർക്കും കരുണാനിധിമാർക്കുമെല്ലാമാണ് ഇന്ന് ജന്മം നൽകിക്കൊണ്ടിരിക്കുന്നത്. ഇതിന്ന് മറ്റാരെയെങ്കിലും പഴി പറഞ്ഞിട്ടു കാര്യമൊന്നുമില്ല. ജൈവ വളത്തിന്നു പകരം രാസവളം നൽകുമ്പോൾ വിളവേറുകയും ഗുണം കുറയുകയും ചെയ്യുന്നതുപോലെ, കല്പവൃക്ഷങ്ങളെയെല്ലാം കാഞ്ഞിരമരങ്ങളാക്കി മാറ്റുന്നത് നാം തന്നെയാണ്; അല്ലേ? ഒരാത്മ പരിശോധന നടത്തിനോക്കൂ.

പുതുമഴക്ക് തകരകൾ മുളച്ചുപൊന്തുന്നതുപോലെ, പെട്ടെന്നുണ്ടായതൊന്നുമല്ല ഈ അഴിമതികളിലൊന്നുപോലും. ഓരോന്നിന്നും പത്തുകൊല്ലത്തെ മൂപ്പെങ്കിലുമുണ്ട്. ലഖ്നൗവിൽനിന്നു പ്രസിദ്ധീകരിക്കുന്ന ഇംഗ്ലീഷ് ദിനപത്രമായ "പയനീറിന്റെ" ലേഖകനാണ് രണ്ടാം തലമുറ സ്പെക്ട്രത്തെക്കുറിച്ചുള്ള കുംഭകോണ വാർത്ത ആദ്യം പുറത്തുകൊണ്ടുവന്നത്. കോമൺവെൽത്ത് ഗെയിംസ് സംബന്ധിച്ച അഴിമതികൾ വ്യാപകമായിരുന്നതിനാൽ പലരും അത് പലവിധത്തിൽ പുറത്തുകൊണ്ടുവന്നു. സകല നിയമങ്ങളേയും ധ്വംസിച്ചുകൊണ്ടാണ് "ആദർശം" പടുത്തുയർത്തിയത്. അതിനാൽ നിയമലംഘനങ്ങൾ ചൂണ്ടിക്കാട്ടി ഒട്ടേറെ പേർ പരാതിപ്പെട്ടിരുന്നു. പക്ഷെ അഴിമതി ഇന്ത്യയിൽ സാർവത്രികമായതിനാൽ- സുപ്രീം കോടതിയിലെ ചീഫ് ജസ്റ്റീസുമാർ പോലും പ്രതിക്കൂട്ടിലാകയാൽ - ജനങ്ങൾ ഒന്നിലും വേവലാതിപ്പെടാതായിരിക്കുന്നു.

ഇത്രയെല്ലാം ബഹളം നടന്നിട്ടും പ്രധാനമന്ത്രി ഇതിനെപ്പറ്റിയൊന്നും ഒരക്ഷരം മിണ്ടിയിട്ടില്ലെന്നത് ശ്രദ്ധേയമല്ലേ? കോൺഗ്രസ് പ്രസിഡണ്ടായ സോണിയാഗാന്ധിക്ക് വേവലാതി തോന്നുന്നത് പ്രധാനമന്ത്രിയുടെ മേൽ കരിതേക്കാൻ ചിലർ ശ്രമിക്കുന്നുവെന്നതിലാണ്! പ്രധാന പ്രതിപക്ഷ കക്ഷിയായ ബി.ജെ.പി. യുടെ യുവ അദ്ധ്യക്ഷന്നും വൃദ്ധ നേതാവിന്നും ഒരു ജെ.പി.സി. രൂപീകരിക്കണമെന്നതിൽ കവിഞ്ഞ ശാഠ്യമൊന്നുമില്ലതാനും.

അല്ലാഹാബാദ് ഹൈക്കോടതിയിൽ എന്തെല്ലാമോ ചീഞ്ഞു നാറുന്നുണ്ടെന്ന് ഈയിടെ സുപ്രീംകോടതി ആക്ഷേപിക്കുകയുണ്ടായി. അല്ലാഹാബാദ് ഹൈക്കോടതിയിൽ മാത്രമല്ല, എല്ലാ കോടതികളിലും എല്ലാ രാഷ്ട്രീയ കക്ഷികളിലും എല്ലാ ഭരണകൂടങ്ങളിലും എല്ലാ സംഘടനകളിലും ഈ ചീഞ്ഞു നാറ്റം ജനങ്ങൾക്ക് അനുഭവപ്പെടുന്നുണ്ട്. ഇതിനൊക്കെ അറുതി വരുത്താൻ ചുമതലപ്പെട്ടവർ കൃഷ്ണശിലകൊണ്ടുണ്ടാക്കിയ വിഗ്രഹം പോലെ നിശ്ചേതനമായി ഇരിക്കുമ്പോൾ, ഇങ്ങനെയല്ലാതെ മറ്റൊരു വിധത്തിൽസംഭവിക്കുകയില്ലതന്നെ.

പണത്തേക്കാൾ, അധികാരത്തേക്കാൾ, പ്രധാനമായ ചിലതൊക്കെ ഉണ്ടെന്നു വിശ്വസിക്കുന്ന നേതാക്കന്മാർ രംഗത്ത് വന്നാൽ, നൂറുകോടി ജനങ്ങളും അവരോടൊപ്പം നിൽക്കും. 1974 ൽ അഴിമതിക്കെതിരായി ജയപ്രകാശ് നാരായൺ പോരിന്നിറങ്ങിയപ്പോൾ അഹമഹമികയാ ജനങ്ങൾ മുന്നോട്ടു തള്ളിക്കയറിയത് നാം കണ്ടതാണ്. 1989 ൽ അഴിമതിക്കെതിരായി വി.പി. സിങ് പോരിന്നിറങ്ങിയപ്പോഴും ജനപിന്തുണയുടെ ഒരു വേലിയേറ്റം തന്നെ സംഭവിച്ചത് നാം കണ്ടതാണ്. ഇന്ത്യയിലെ ഏറ്റവും ദരിദ്രമായ സംസ്ഥാനമായി വിശേഷിക്കപ്പെടാറുള്ള ബീഹാറിൽ, ജനതാദളം നേതാവായ നിധീശ്കുമാർ 243ൽ 206 സീറ്റും അടിച്ചുവാരിയെടുത്തത് അഴിമതിക്കെതിരായ പ്രായോഗികമായ ഒരൊറ്റ നിയമനിർമ്മാണം കൊണ്ടായിരുന്നുവെന്ന് സമ്മതിക്കാൻ ഒരാളും തയ്യാറാവില്ലെങ്കിലും അതാണ് വാസ്തവം. പ്രഥമ ദൃഷ്ട്യാ അഴിമതിക്കാരനാണെന്നു കാണുന്നവന്റെ സ്വത്തെല്ലാം ഒന്നാകെ കണ്ടുകെട്ടാൻ ഗവർമ്മേണ്ടിന്ന് അധികാരം നൽകുന്ന നിയമമാണത്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തിലുമില്ലാത്ത നിയമം! കേന്ദ്ര ഗവർമ്മേണ്ട് ഇത്തരമൊരു നിയമം പാസാക്കിയിരുന്നുവെങ്കിൽ, എത്ര ലക്ഷം കോടികൾ വരുന്ന സ്വത്ത് ഇതിന്നകം കണ്ടുകെട്ടിക്കഴിഞ്ഞിരിക്കുമായിരുന്നു! എന്നാൽ ഇപ്പോഴോ? കൊള്ളയടിച്ചുണ്ടാക്കിയ പണമത്രയും പോക്കറ്റിലിട്ട് രാജിവച്ചിറങ്ങിപ്പോയ നേതാക്കന്മാരുടെ കഥയൊന്നോർത്തു നോക്കൂ. നാണം കെട്ടും പണം നേടിയാൽ, നാണക്കേട് ആപണം തീർക്കും എന്ന പഴഞ്ചൊല്ല് എത്ര അർത്ഥവത്താണ്! പത്തു തലമുറക്ക് ജീവിക്കാനെന്നല്ല, സുഖിക്കാൻ വേണ്ടതെല്ലാം മോഷ്ടിച്ചെടുത്ത ശേഷം നാട്ടിലെ അമ്പലത്തിലെ കൊടിമരമൊന്ന് സ്വർണ്ണം പൂശിക്കൊടുത്താൽ നാട്ടിൽ മാന്യനായി ജീവിക്കാം.

➡



# ബിസിനസ്സുകാർക്കിടയിൽ പത്രക്കാരുടെ ചരടുവലികൾ

- പ്രസില്ലാ ജബരാജ് -

മന്ത്രിസഭാ രൂപീകരണത്തിലും വകുപ്പു വിഭജനത്തിലും അത്യധികം താല്പര്യം കാണിച്ചിരുന്ന മുതലാളിമാരാണ് മുകേശ് അംബാനിയും രത്തൻ ടാറ്റയും. ഇവർക്കുവേണ്ടി ചരടുവലികൾ നടത്തിയിരുന്ന ഒരു ഇടനിലക്കാരിയായിരുന്നു നീര റാഡിയ. പത്രാധിപന്മാർ, റിപ്പോർട്ടർമാർ, വ്യവസായികൾ, രാഷ്ട്രീയ നേതാക്കന്മാർ എന്നിവരുമായി റാഡിയ നടത്തിയ ടെലിഫോൺ സംഭാഷണങ്ങൾ ഈയിടെ പുറത്തുവരികയുണ്ടായി. നീര റാഡിയയുടെ പ്രവർത്തനങ്ങളെ നിരീക്ഷിച്ചുകൊണ്ടിരുന്ന ആദായ നികുതി വകുപ്പുകാരാണ് നീര റാഡിയയുടെ ടെലിഫോൺ സംഭാഷണങ്ങൾ ചോർത്തിയത്. ഏതാണ്ട് 500 മണിക്കൂർ നേരത്തെ സംഭാഷണങ്ങൾ ആദായ നികുതി വകുപ്പിന്റെ കയ്യിലുണ്ടെന്നാണ് പറയപ്പെടുന്നത്. ഇതിൽ വെറും പതിനഞ്ചു മിനിട്ട് നേരത്തെ സംഭാഷണങ്ങൾ മാത്രമാണിപ്പോൾ പുറത്തു വിട്ടിരിക്കുന്നത്.

രണ്ടാം തലമുറ സ്പെക്ട്രത്തെക്കുറിച്ചൊരു പൊതു താല്പര്യ ഹർജി സുപ്രീം കോടതിയുടെ പരിഗണനയിലുണ്ട്. ഇതു സംബന്ധിച്ച് അഭിഭാഷകനായ പ്രശാന്ത് ഭൂഷൺ സുപ്രീം

അഴിമതികളെക്കുറിച്ചന്വേഷിക്കാൻ സംയുക്ത പാർലിമെന്ററി കമ്മിറ്റി രൂപീകരിക്കണമോ വേണ്ടയോ എന്നതൊന്നുമല്ല ഇന്ന് പ്രധാനം; അഴിമതി കാണിച്ചുവെന്ന് പ്രഥമദൃഷ്ട്യാ ബോധ്യം വന്നതായി ഒരു കോടതി കല്പിച്ചാൽ, ആ അഴിമതിക്കാരന്റെ സ്വത്തത്രയും കണ്ടുകെട്ടാൻ ഒരു നിയമം പാസാക്കുകയാണ് ഇന്നാവശ്യം. അഴിമതിക്കതീതരാണെന്നവകാശപ്പെടുന്ന പ്രധാനമന്ത്രിയും കോൺഗ്രസ് പ്രസിഡണ്ടും പ്രതിപക്ഷ നേതാവും ഇക്കാര്യത്തിലെന്തിന്നു മടിച്ചു നിൽക്കണം? രാഷ്ട്രീയം കൊണ്ടു നടക്കാൻ അഴിമതിയെ ആശ്രയിക്കുകയല്ലാതെ മാർഗ്ഗമൊന്നുമില്ലെന്ന ഉറച്ച വിശ്വാസംകൊണ്ടാണെങ്കിൽ, ആക്കാര്യം തുറന്നു പറയണം.

പണ്ട് ബ്രിട്ടീഷുകാർ, ഇന്ത്യയുടെ സമ്പത്തത്രയും ചോർത്തിക്കൊണ്ടു പോകുകയായിരുന്നു. ഇന്നും വലിയ വ്യത്യാസമൊന്നുമില്ല. വലുപ്പത്തിൽ ഒറീസയുടെ പകുതിമാത്രം വരുന്ന ദക്ഷിണ കൊറിയ, ഒറീസയുടെ പകുതിയും കയ്യടക്കാനുള്ള ശ്രമത്തിലാണിപ്പോൾ. ആർത്തിമൂത്ത നമ്മുടെ നേതാക്കന്മാർ ഇന്ത്യയെ കഷ്ണം കഷ്ണമായി മുറിച്ചു വിൽക്കാൻ ശ്രമിക്കുന്നു. ഇതിന്നിടയിൽ നാട്ടു പ്രമാണിമാർ കിട്ടാവുന്നത്ര വാരിയെടുക്കുന്നു. റഷ്യയിൽ യൽട്സിന്റെ ഭരണകാലത്ത് സംഭവിച്ചതു തന്നെയാണ് ഇന്ത്യയിൽ മൻമോഹൻ സിങ്ങിന്റെ ഭരണകാലത്തും സംഭവിച്ചു കൊണ്ടിരിക്കുന്നത്. ഒരു ഭാഗത്ത് കോടീശ്വരന്മാർ പെരുകുമ്പോൾ മറുഭാഗത്ത് ദരിദ്ര കോടികൾ പെരുകുന്നു. ഈ ദരിദ്ര കോടികൾക്കുവേണ്ടി പോരാടുന്നവരാണ് ഇന്ത്യയുടെ ഏറ്റവും വലിയ ആഭ്യന്തര ഭീഷണിയെന്ന് പ്രധാനമന്ത്രിയും ആഭ്യന്തരകാര്യ മന്ത്രിയും ഒരേ സ്വരത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

എന്തായാലും കൽമാഡിയും രാജയും "ആദർശ"ത്തിൽ കയറിയിരിക്കുന്നവരും (അവരുടെ പേർ ഇനിയും പുറത്തുവിട്ടിട്ടില്ല) ഇന്ത്യയുടെ ആഭ്യന്തര സുരക്ഷിതത്വത്തിന്ന് ഭീഷണിയാണെന്ന് പ്രധാനമന്ത്രിക്ക് തോന്നാനിടയില്ല; അതുകൊണ്ടാണല്ലൊ ആരേയും അറസ്റ്റ് ചെയ്യാത്തത്! ❑



രത്തൻ ടാറ്റ

കോടതിയിൽ സമർപ്പിച്ച സംഭാഷണഭാഗമാണ് ഇപ്പോൾ പുറത്ത് വന്നിരിക്കുന്നത്. ഓപ്പൺ, ഔട്ട് ലുക്ക് എന്നീ രണ്ടു പ്രസിദ്ധീകരണങ്ങൾ ഈ സംഭാഷണം അതേപടി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2009 ലെ തിരഞ്ഞെടുപ്പിന്നുശേഷം മൻമോഹൻ സിങ് പുതിയ മന്ത്രിസഭ രൂപീകരിക്കുന്ന ഘട്ടത്തിൽ ചില പ്രത്യേക വകുപ്പുകൾക്കായി നടന്ന വടംവലികളുടെ വിവരമാണ് സംഭാഷണങ്ങളിൽ പ്രധാനമായിട്ടുള്ളത്.

ആദായ നികുതി വകുപ്പ് ചോർത്തിയ ടെലിഫോൺ സംഭാഷണങ്ങളിൽനിന്ന് 15 മിനിട്ട് മാത്രം ആരാണ് ചോർത്തിയെടുത്തതെന്നോ എന്തുകൊണ്ടാണ് അതിപ്പോൾ പ്രസിദ്ധീകരിക്കുന്നതെന്നോ വ്യക്തമല്ല.

ഈ ടേപ്പുകളിൽ മറ്റു പലതിന്റേയും കൂട്ടത്തിൽ NDTV ഗ്രൂപ്പ് എഡിറ്റർ ബർഖ ദത്ത്, ഹിന്ദുസ്ഥാൻ ടൈംസിന്റെ വീർസംഘ്വി എന്നിവർ കോൺഗ്രസ്സ് നേതാക്കളിൽ തങ്ങൾക്കുള്ള സ്വാധീനശക്തി ഉപയോഗിക്കാമെന്ന് ഉറപ്പു നൽകുന്നതായി കാണുന്നുണ്ട്. നീര റാഡിയയാകട്ടെ തമിഴ്നാട്ടിലെ ഡി.എം.കെ. യുടെ ഒരു വിഭാഗത്തിന്നുവേണ്ടി ചരടുവലി നടത്തുന്നതായിട്ടാണ് കാണുന്നത്. ബിസിനസ്സ് മേഖലയിൽ പ്രവർത്തിക്കുന്ന ചില ജർണലിസ്റ്റുകൾ അംബാനി സഹോദരന്മാർ തമ്മിൽ ഗ്യാസിന്റെ വില നിശ്ചയിക്കുന്നതു സംബന്ധിച്ച തർക്കത്തിൽ ഇടപെടുന്നുണ്ട്. മുകേശ് അംബാനിയുടെ പക്ഷത്തിന്നു വേണ്ടിയാണ് ഇവർ വാദിക്കുന്നത്.

ഇന്ത്യ ടുഡേയുടെ നാട്ടു ഭാഷാ പ്രസിദ്ധീകരണങ്ങളുടെ എഡിറ്ററായ പ്രഭാ ചൗള സുപ്രീം കോടതിയിലുള്ള ഒരു അപ്പീൽ എങ്ങനെ മുന്നോട്ടു കൊണ്ടു പോകാമെന്ന് ഉപദേശിക്കുന്നുണ്ട്.

കോൺഗ്രസ്സും ഡി.എം. കെ. യും തമ്മിലുള്ള തർക്കം തീർക്കാനും നീരാ റാഡിയ മുന്നിട്ടു നിൽക്കുന്നുണ്ട്. ഇതിന്നവർ മിസ് ബർഖദത്തിന്റേയും സംഘ്വിയുടേയും സേവനം ഉപയോഗപ്പെടുത്തുന്നു. ദയാനിധി മാരനുമായുള്ള തർക്കം തീർക്കാൻ ഒരു കൂടിക്കാഴ്ചക്ക് ഏർപ്പാട് ചെയ്യാമെന്ന് ദത്തും സംഘ്വിയും ഏൽക്കുന്നുണ്ട്. മന്ത്രിസഭാംഗത്വം സംബന്ധിച്ച് കോൺഗ്രസ്സും ഡി.എം.കെ.യും തമ്മിൽ വഴക്കുണ്ടായിരുന്നു. കോൺഗ്രസ്സുകാരോട് താൻ എന്താണ് പറയേണ്ടതെന്ന് മിസ് ദത്ത് നീരാ റാഡിയയോട് ചോദിക്കുന്നു. "എന്റെ ദൈവമേ! ഇനി എന്തു ചെയ്യും? ഞാനവരോട് എന്തു പറയണം? അവരോടെന്താണ് പറയേണ്ടതെന്ന് തുറന്നു പറയൂ" എന്നാണവർ പറയുന്നത്.

നീരാ റാഡിയ പറഞ്ഞതെല്ലാം കേട്ടതിന്നു ശേഷം, കോൺഗ്രസ് നേതാക്കളോട് താൻ സംസാരിച്ചുകൊള്ളാമെന്ന് അവർ പറയുന്നു. "ശരി, അവരുമായി ഒന്നുകൂടി സംസാരിച്ചു നോക്കട്ടെ"



മിസ് നീര റാഡിയ

എന്നു പറഞ്ഞ് അവർ നിർത്തുന്നു. പിന്നീടൊരു ദിവസം മിസ് ദത്ത പറയുന്നു. "അതൊരു പ്രശ്നമല്ല. കോൺഗ്രസ് നേതാവായ ഗുലാം നബി ആസാദിനോട് താൻ സംസാരിച്ചുകൊള്ളാ"മെന്ന് അവർ ഏൽക്കുന്നു. താൻ പ്രധാനമന്ത്രിയുടെ വീട്ടിലാണെന്നും, അവിടെനിന്നു പുറത്തു കടന്നാലുടനെ ആസാദുമായി സംസാരിക്കാമെന്നും അവർ പറയുന്നു.

വാജ്പേയിയുടെ ദത്തു പുത്രിയുടെ ഭർത്താവായ രഞ്ചൻ ഭട്ടാചാര്യ കോൺഗ്രസ്സുകാരുടെ ഒരു ഏജന്റാണെന്നു കേൾക്കുമ്പോൾ നിങ്ങൾ അത്ഭുതപ്പെട്ടുപോകും. നീര റാഡിയ എ. രാജയുമായി നടത്തുന്ന സംഭാഷണങ്ങളിൽ അതും വെളിപ്പെടുന്നുണ്ട്. നീര റാഡിയ ബർഖാദത്തിന്റെ സഹായത്തെപ്പറ്റി സംസാരിക്കുന്നു. "ഞാൻ ബർഖയെ വിളിച്ച് കോൺഗ്രസ്സുമായി ബന്ധപ്പെടാനും ഒരു പ്രസ്താവന സംഘടിപ്പിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്" എന്നാണ് നീര ഭട്ടാചാര്യയോട് പറയുന്നത്. എന്നാൽ ബർഖാദത്തിനോട് നേരിട്ടു ചോദിച്ചപ്പോൾ കോൺഗ്രസ്സുമായി ബന്ധപ്പെട്ട കാര്യം അവർ നിഷേധിക്കുകയാണ് ചെയ്തത്.

മന്ത്രിസഭാ രൂപീകരണം സംബന്ധിച്ച് കോൺഗ്രസ് നേതാവായ അഹമ്മദ് പട്ടേലുമായി സംസാരിച്ചതായി സംഘ്വി നീരയോട് പറയുന്നു. "ഞാൻ അഹമ്മദുമായി സംസാരിച്ചു. ഇതിൽ നിർണായകസ്ഥാനം അഹമ്മദിന്നാണ്. ഞങ്ങൾ കരുണാനിധിയുമായാണ് ഇടപാടു നടത്തുകയെന്ന് മാരനോട് പറഞ്ഞതായി അഹമ്മദ് പട്ടേൽ അറിയിക്കുന്നു. ഡി.എം.കെ. തലവനായ കരുണാനിധിയുമായി കോൺഗ്രസ്സ് നേരിട്ടിടപെടണമെന്ന് നീര റാഡിയ അഹമ്മദ് പട്ടേലിനോട് പറയുന്നുണ്ട്. ഞാനിന്ന് സോണിയയെ കാണേണ്ടതായിരുന്നു. പക്ഷെ ഇവിടെ കുടുങ്ങിപ്പോയി എന്ന് നീര അഹമ്മദ് പട്ടേലിനോട് പറയുന്നു. അതുകൊണ്ട് നാളെ കാണാം. ഞാൻ രാഹുലിനെ കാണാറുണ്ട് അതുകൊണ്ട് ആരോടാണ് സംസാരിക്കേണ്ടതെന്നു പറയൂ. അവർ കരുണാനിധിയോട് നേരിട്ട് സംസാരിക്കണമെന്നാണ് പറയുന്നത് എന്ന മറുപടി കിട്ടിയപ്പോൾ സംഘ്വിയുടെ പ്രതികരണം ഇങ്ങനെയായിരുന്നു. "അഹമ്മദ് പട്ടേലിനെ കിട്ടുമോ എന്ന് ഞാനൊന്നു നോക്കട്ടെ".



എ. രാജ



വീർ സംഘ്‌വി



മിസ് ബർഖ ദത്ത്

ഹിന്ദുസ്ഥാൻ ടൈംസിന്റെ സംഘ്‌വി യോട് ഇതിനെപ്പറ്റി ചോദിച്ചപ്പോൾ താനൊരു തെറ്റും ചെയ്തിട്ടില്ലെന്നാണ് പറഞ്ഞത്.മന്ത്രിസഭാ രൂപീകരണം പോലെയുള്ള സത്വര സംഭവ വികാസ ങ്ങളുണ്ടായിക്കൊണ്ടിരിക്കുമ്പോൾ, നിങ്ങൾക്ക് പലരായും ബന്ധപ്പെടേണ്ടി വരുമെന്ന് അദ്ദേഹം പറയുന്നു. നീരാ റാഡിയ ആവശ്യപ്പെട്ടതുപോലെ അഹ മ്മദ് പട്ടേലിനേയോ കോൺഗ്രസ്സിലെ മറ്റാരെയെങ്കിലുമോ താൻ വിളിച്ചു സംസാരിച്ചിട്ടില്ലെന്നും അദ്ദേഹം പറ ഞ്ഞു.

NDTVയുടെ മിസ് ബർഖാ ദത്ത് "ഹിന്ദു" വിന്റെ ചോദ്യങ്ങൾക്ക് മറു പടി പറയാൻ വിസമ്മതിച്ചു. പക്ഷെ മറ്റു തരത്തിൽ അവർ കാര്യങ്ങൾ പല രോടും പറയുന്നുണ്ട്. വാർത്താ ശേഖ രണത്തിന്ന് നല്ലവരായും ചീത്തവരായു മെല്ലാം ബന്ധപ്പെടേണ്ടിവരുമെന്ന് അവർ പറയുന്നു.

ഒരുപാട് പത്ര പ്രവർത്തകർ ഉൾപ്പെ ട്ടിട്ടുള്ള കേസാകയാലാണെന്നു തോന്നുന്നു, ഇന്ത്യയിലെ അധികം പത്ര ങ്ങളൊന്നും ഈ "റാഡിയാ ടേപ്പുകൾ" പ്രസിദ്ധീകരിച്ചിട്ടേയില്ല. അതുപോലെ ത്തന്നെ ടെലിവിഷൻ ചാനലുകളും മൗനം പാലിക്കുന്നു. ഒരു സരസൻ ഇതിനെപ്പറ്റി പറഞ്ഞത് "അഖിലേന്ത്യാ റാഡിയ" എന്നാണ്. അതേസമയം "വാഷിങ്ടൺ പോസ്റ്റ്" "വാൾ സ്ട്രീറ്റ് ജർണൽ" തുടങ്ങിയ വിദേശ പത്രങ്ങൾ ഇതൊക്കെ റിപ്പോർട്ട് ചെയ്യുന്നുണ്ട്.

മറ്റൊരു കാര്യം: റെക്കോർഡ് ചെയ്യ പ്പെട്ട ഈ സംഭാഷണങ്ങളൊന്നും ആരും നിഷേധിച്ചിട്ടില്ല. പത്രക്കാർ വ്യവ സായികളുടെ കിങ്കരൻമാരുമായി നട ത്തുന്ന ഇടപാടുകളെ പലരും വിമർശി ക്കുന്നുണ്ട്. അതേസമയം സ്വകാര്യ സംഭാഷണങ്ങൾ പ്രസിദ്ധപ്പെടുത്താവു ന്നതാണോ എന്ന പ്രശ്നം ചിലർ ഉയർത്തിക്കൊണ്ടുവരുന്നുണ്ട്.

വ്യവസായികളുടെ ഏജന്റുമാരും രാഷ്ട്രീയക്കാരും പത്രക്കാരും തമ്മിൽ നടന്ന സംഭാഷണങ്ങളുടെ ടേപ്പ് അതേ പടി പ്രസിദ്ധീകരിച്ച "ഔട്ട് ലുക്കി"ന്റെ നടപടിയെ അതിന്റെ പത്രാധിപരായ വിനോദ് മേത്ത ന്യായീകരിച്ചു. എന്നാൽ കൂടുതലെന്തെങ്കിലും പറയാൻ അദ്ദേഹം കൂട്ടാക്കിയില്ല. "വമ്പിച്ച പൊതു താൽപര്യമടങ്ങിയ കാര്യങ്ങ ളാണ് ടേപ്പുകളിലുള്ളത് എന്നതുകൊ ണ്ടാണ് ഞങ്ങളത് പ്രസിദ്ധീകരിച്ചത്. ശരിയും തെറ്റുമൊന്നും ഞങ്ങൾ നോക്കുന്നില്ല. ജനങ്ങൾ അറിഞ്ഞിരി ക്കേണ്ടത് അറിയിച്ചു. അത്രമാത്രം" എന്നാണദ്ദേഹം പറഞ്ഞത്.

(ഹിന്ദുവിൽനിന്ന് സംഗ്രഹിച്ചത്) ❑



കവർസ്റ്റോറി

# ബീഹാർ തിരഞ്ഞെടുപ്പ് പഠിപ്പിക്കുന്ന പാഠം

- ടി.വി. അച്ചുതവാരിയർ -

നവമ്പറിൽ ബീഹാറിൽ നടന്ന നിയ മസഭാ തിരഞ്ഞടുപ്പിൽ ഐക്യജനതാ ദളവും ബി.ജെ.പി.യും അടങ്ങിയ മുന്നണി ആകെയുള്ള 243 സീറ്റിൽ 206 സീറ്റും നേടി എല്ലാവരേയും അത്ഭുത പരതന്ത്രരാക്കി. അതേസമയം ലാലു പ്രസാദ് യാദവിന്റെ രാഷ്ട്രീയ ജനതാ ദളവും പസ്വാന്റെ ജനശക്തിയുമടങ്ങിയ മുന്നണിക്ക് 25 സീറ്റ് മാത്രമാണ് നേടാ നായത്.

സീറ്റിന്റെ കഥ ഇതാണെങ്കിൽ വോട്ടിന്റെ കഥ തീർത്തും വ്യത്യസ്ത മാണ്. മുഖ്യമന്ത്രി നിധീശകുമാറിന്റെ നേതൃത്വത്തിലുള്ള ഭരണ മുന്നണിക്ക് 39 ശതമാനം വോട്ടുമാത്രം ലഭിച്ചപ്പോൾ ലാലുവിന്റെ നേതൃത്വത്തിലുള്ള പ്രതി പക്ഷ മുന്നണിക്ക് 25 ശതമാനം വോട്ടു ലഭിച്ചു.

ഇന്ത്യൻ തിരഞ്ഞെടുപ്പു സമ്പ്രദായ ത്തിന്റെ ന്യൂനതയാണിത്. വെറുമൊരു ന്യൂനപക്ഷത്തിന്റെ മാത്രം പിന്തുണയു ള്ളവർക്ക് ഇന്ത്യയിൽ ഭരണകക്ഷിയാ കാൻ കഴിയും.

2005 ലെ തിരഞ്ഞെടുപ്പിൽ നിധീ ശ്കുമാറിന്റെ ഭരണ മുന്നണി നേടിയ തിനേക്കാൾ 4 ശതമാനം വോട്ടു മാത്ര മാണ് അവർക്ക് ഇത്തവണ കൂടുതൽ കിട്ടിയത്; അതുപോലെ പ്രതിപക്ഷ ത്തിന്റെ വോട്ടിൽ നാലു ശതമാന ത്തിന്റെ കുറവേ സംഭവിച്ചിട്ടുള്ളൂ.

രാഷ്ട്രീയക്കാർക്ക് ഇതിൽനിന്ന് വലി യൊരു പാഠം പഠിക്കാനുണ്ട്. ഒന്നാമത് വോട്ടർമാരിൽ ഏതാണ്ട് എൺപതു ശതമാനത്തോളം പേർ കമ്മിറ്റഡ് വോട്ടർമാരാണ്. അതായത് അന്ധമായ രാഷ്ട്രീയ പക്ഷപാതം പുലർത്തുന്നവ രാണ് അവർ. സൽഭരണമായാലും ദുർഭ രണമായാലും തങ്ങളുടേതായ പാർട്ടിക്ക് വോട്ടു ചെയ്യാൻ പ്രതിജ്ഞാ ബദ്ധരായവരാണിവർ. ബാക്കിയുള്ളവ രിൽ ചെറിയൊരു ഭാഗം വളരെ ഉയർന്ന നിലയിലുള്ള രാഷ്ട്രീയ സദാചാരം പുലർത്തുന്നു. ഇവർ സൽഭരണം നട ത്തുന്നവരെ കക്ഷിബന്ധമൊന്നും നോക്കാതെ പിന്താങ്ങുന്നു; അഥവാ ദുർഭരണക്കാർക്കെതിരായി വോട്ടു ചെയ്യുന്നു.

ബീഹാറിൽ ഭരണ മുന്നണിക്ക് അനു കൂലമായി ഏതാണ്ട് നാലു ശതമാനം വോട്ടർമാർ കൂടതൽ വോട്ടു ചെയ്തി ട്ടുണ്ട്. പ്രതിപക്ഷത്തുനിന്ന് അത്രയും വോട്ടു ചോർന്നു പോയെന്നു പറയാം. രാഷ്ട്രീയമായ കെട്ടുപാടുകളല്ല ഇതിന്നു നിദാനം. നേരെ മറിച്ച് സൽഭ രണത്തിന്നുള്ള അംഗീകാരമാണിത്.

ബീഹാറിൽ മുഖ്യമന്ത്രി നിധീശ് കുമാർ കഴിഞ്ഞ അഞ്ചുകൊല്ലമായി ക്രിമിനലുകൾക്കെതിരായി ഒരു വേട്ട തന്നെ നടത്തി വരികയായിരുന്നു. നാനാവിധ സേനകൾക്ക് കുപ്രസിദ്ധമാ യിരുന്ന ബീഹാറിൽനിന്ന് ഇപ്പോൾ ഇത്തരം സേനകളെക്കുറിച്ച് വാർത്തയേ കേൾക്കാറില്ല. ക്രിമിനലു കളുടേയും ഗുണ്ടകളുടേയും തേർവാ ഴ്ചക്ക് നിധീശ് അറുതി വരുത്തിയിരി ക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും ഇപ്പോൾ നിർഭയം പുറത്തിറങ്ങി നട ക്കാം. ജീവിത മണ്ഡലത്തിലുണ്ടായി ട്ടുള്ള ഈ സുരക്ഷിതത്വത്തിന്ന് വിവേ കശാലികൾ നൽകിയ പിന്തുണയാണ് നിധീശിന്റെ ഭരണ മുന്നണിക്ക് നാലു ശതമാനംത്തോളം വോട്ട് കൂടതൽ നേടിക്കൊടുത്തിരിക്കുന്നത്.

പൊതു ജീവിതത്തിലെ ഈ സുരക്ഷിതത്വത്തിന്റെ തുടർച്ചയെന്നോണം നിധീശ് കുമാർ രാഷ്ട്രീയ ജീവിതത്തിലെ ഒരു കൊടുങ്കാറ്റിന്ന് ബീജാവാപം നടത്തിയിട്ടുമുണ്ട്. താനിനി നടത്താൻ പോകുന്നത് അഴിമതിക്കെതിരായ വേട്ടയാണെന്ന് നിധീശ് പറയുന്നു. ഇതൊരു ബഹുവാക്കല്ല. ഇതിന്നായി ഒരു ബിൽ പാസാക്കുകയും അതിന്ന് രാഷ്ട്രപതിയുടെ അംഗീകാരം നേടുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. നിയമം നടപ്പാക്കാനുള്ള ചട്ടങ്ങൾക്ക് രൂപം നൽകിക്കഴിഞ്ഞാൽ നിയമം പ്രാബല്യത്തിൽ വരും.

ഒരു ഉദ്യോഗസ്ഥൻ അഴിമതി കാണിച്ചതായി പ്രഥമദൃഷ്ട്യാ ബോധ്യം വന്നാൽ അയാളുടെ സ്വത്താകെ സർക്കാരിലേക്ക് കണ്ടു കെട്ടാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ് ഈ നിയമം. കേസെല്ലാം കഴിയുമ്പോൾ പ്രതി കുറ്റക്കാരനല്ലെന്നു കണ്ടാൽ സ്വത്ത് അഞ്ചു ശതമാനം പലിശയോടെ തിരിച്ചു നൽകാനും നിയമത്തിൽ വ്യവസ്ഥയുണ്ട്.

ഇന്ത്യയിൽ ഇപ്പോൾ പ്രാബല്യത്തിലുള്ള നിയമപ്രകാരം ഒരാളെ അഴിമതി കുറ്റത്തിന്ന് കയ്യോടെ പിടികൂടിയാലും കാര്യമൊന്നുമില്ല. ജില്ലാ കോടതിയിൽ ഒരു പത്തു കൊല്ലം, അപ്പീലിൽ ഹൈക്കോടതിയിൽ ഒരു പത്തു കൊല്ലം, അതിന്നപ്പുറം സുപ്രീം കോടതിയിൽ കടന്നാൽ വേറൊരു മുപ്പതു കൊല്ലം - അവസാന വിധി വരമ്പോഴേക്കും പ്രതി മരിച്ചു കഴിഞ്ഞിട്ടുണ്ടാകും.

പുതിയ ബീഹാർനിയമ പ്രകാരം ഇത്തരം കളികൾക്കൊന്നും നേരം കിട്ടില്ല. അഴിമതി നടന്നിട്ടുണ്ടെന്ന് ഒരു കീഴ്ക്കോടതിക്ക് പ്രഥമദൃഷ്ട്യാ ബോധ്യം വന്നാലുടൻ അഴിമതിക്കാരന്റെ സ്വത്തെല്ലാം കണ്ടുകെട്ടാം. കേസ് തീരാൻ എത്രകൊല്ലം വേണ്ടിവരുമെന്നത് ഇവിടെ ഒരു പ്രശ്നമാകുന്നില്ല. പത്തോ ഇരുപതോ മുപ്പതോ കൊല്ലമായാലും അവസാന വിധി വന്ന ശേഷമേ അഴിമതിക്കാരന്റെ സ്വത്ത് എന്തു ചെയ്യണമെന്ന പ്രശ്നം ഉത്ഭവിക്കൂ. മറ്റൊരു തരത്തിൽ പറഞ്ഞാൽ അഴിമതിയിലൂടെ ആർജ്ജിച്ച സ്വത്തുപയോഗിച്ച് കേസ് നടത്തി രക്ഷപ്പെടാമെന്ന് ഇനി ആശിക്കേണ്ടെന്ന് അർത്ഥം. ദിവസമൊന്നുക്ക് ഒരു ലക്ഷം രൂപ ഫീസ് വസൂലാക്കുന്ന വക്കീൽ ഭീമന്മാർ ദൽഹിയിലുണ്ട്. അഴിമതിക്കാരെ രക്ഷിക്കലാണ് ഇവരുടെ പ്രധാന പണി. ഇത്ര ഭീമമായ ഫീസ് നൽകി കേസ് നടത്താൻ അഴിമതിക്കാർക്കുമാത്രമേ കഴിയൂ എന്നു പറയേണ്ടതില്ലല്ലോ. ബീഹാറിൽ ഇനി അതത്ര എഴുപ്പമാവില്ല. പരസ്യമായി സൂക്ഷിച്ചിട്ടുള്ള സ്വത്തുക്കളെങ്കിലും കോടതികൾക്കിനി കണ്ടുകെട്ടാൻ കഴിയും. അങ്ങനെയൊക്കെ സംഭവിച്ചേക്കുമെന്ന ബോധംതന്നെ അഴിമതി കാണിക്കുന്നതിൽനിന്ന് കുറെ പേരെയെങ്കിലും പിൻതിരിപ്പിക്കും. നിലാവുണ്ടെന്നതുകൊണ്ടു മാത്രം പുലരും വരെ മോഷ്ടിക്കുന്ന ഇന്നത്തെ ഏർപ്പാടിനെങ്കിലും ഇത് അറുതിവരുത്തും.

വിവരാവകാശ നിയമം സംബന്ധിച്ച ബിൽ ആദ്യമായി പാസാക്കിയത് രാജസ്ഥാനിലായിരുന്നു. അവിടത്തെ പൊതു പ്രവർത്തകരുടെ നിരന്തരമായ സമ്മർദ്ദത്തിന്റെ ഫലമായിട്ടായിരുന്നു അത്. ആ മാതൃകയെ പിൻതുടർന്നാണ് പാർലിമെന്റ് വിവരാവകാശ ബിൽ പാസാക്കിയത്. പാർലിമെന്റിന്നു മാർഗ്ഗ ദർശനം നൽകാൻ ചിലപ്പോൾ നിയമസഭകൾക്ക് കഴിയുമെന്നർത്ഥം. അതുപോലെ ബീഹാർ നിയമസഭ പാസാക്കിയ അഴിമതി വിരുദ്ധ നിയമം നാളെ പാർലിമെന്റും പാസാക്കിയെന്നു വരാം. അങ്ങനെ സംഭവിച്ചാൽ ഇന്ത്യയിലുണ്ടാകാവുന്ന മാറ്റങ്ങളെക്കുറിച്ചൊന്ന് ചിന്തിച്ചു നോക്കൂ. ഉദാര വൽക്കരണത്തിന്റെ അനന്തര ഫലമായി ഇന്ത്യയിൽ നടന്നുവരുന്ന പകൽ കൊള്ളകൾക്ക് ഒരറുതി വന്നാൽ ഈ രാജ്യം രക്ഷപ്പെട്ടുവെന്നുവരാം. ❑



# അഴിമതിക്കാരുടെ സ്വത്ത് കണ്ടുകെട്ടാൻ നിയമം

നിയമസഭ പാസാക്കിയ ഒരു ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കാൻ എത്രകാലം കാത്തിരിക്കണം? അതിന്ന് പ്രത്യേകിച്ച് കണക്കൊന്നുമില്ല. വേണമെന്നുണ്ടെങ്കിൽ കേന്ദ്രഗവർമ്മേണ്ടിലെ ഉദ്യോഗസ്ഥന്മാർക്ക് പെട്ടെന്നുതന്നെ അത് പാസാക്കി രാഷ്ട്രപതിയുടെ ഒപ്പിന്നു സമർപ്പിക്കാം; നേരെ മറിച്ചും വരാം. ബീഹാർ നിയമസഭ പാസാക്കിയ, തൊട്ടാൽ പൊള്ളുന്ന ഒരു ബില്ലിന്നു അനുമതി കിട്ടാൻ ഒന്നര കൊല്ലം കാത്തിരിക്കേണ്ടിവന്നു.

2005 ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ യുണൈറ്റഡ് ജനതാദളത്തിന്റെ നേതാവായ നിധീശ് കുമാറിന്റെ നേതൃത്വത്തിലുള്ള ഒരു സഖ്യകക്ഷി ഗവർമ്മേണ്ടാണ് അധികാരത്തിൽ വന്നത്. 243 അംഗങ്ങളുള്ള നിയമസഭയിൽ ജനതാദളത്തിന്ന് 87 സീറ്റും ബി.ജെ.പി. ക്ക് 55 സീറ്റും കിട്ടിയിരുന്നു. ലാലു പ്രസാദിന്റെ രാഷ്ട്രീയ ജനതാദളമാണ് മുഖ്യപ്രതിപക്ഷ കക്ഷി അവർക്ക് 54 സീറ്റുണ്ടായിരുന്നു.

നിതീശ് കുമാറിന്റെ അഞ്ചുകൊല്ലത്തെ ഭരണംകൊണ്ട് ബീഹാറിന്റെ മുഖഛായതന്നെ മാറി. അദ്ദേഹം ആദ്യംതന്നെ ബി.ജെ.പി. യെ ഇറക്കി കെട്ടി. അദ്വാനി, നരേന്ദ്രമോഡി, തുടങ്ങിയ യാഥാസ്ഥികരെ അദ്ദേഹം കഴിയുന്നത്ര അകറ്റി നിർത്തി.

നിധീശ് മുഖ്യമന്ത്രിപദം ഏറ്റ ശേഷം ആദ്യം ചെയ്തത് പോലീസ് വിഭാഗത്തെ നവീകരിക്കലായിരുന്നു. ക്രിമിനലുകൾ ആരായാലും ശരി, അവരുടെ സ്ഥാനം ജയിലിനകത്തായിരിക്കണമെന്ന് അദ്ദേഹം കല്പന നൽകി. രാഷ്ട്രീയ ഇടപെടലിൽനിന്ന് വിമുക്തമായതോടെ പോലീസ് ഊർജ്ജസ്വലമായി. ഇതിന്നകം 50,000 ക്രിമിനലുകൾ ജയിലിന്നകത്ത് എത്തിയിട്ടുണ്ട്. പട്ടണങ്ങളിലായാലും നാട്ടിൻപുറങ്ങളിലായാലും പെൺകുട്ടികൾക്ക് ഇന്ന് ധൈര്യമായി പുറത്തിറങ്ങി നടക്കാം. സൈക്കിളിൽ സവാരി നടത്തുന്ന പെൺകുട്ടികളെക്കൊണ്ട് റോഡുകൾ നിറഞ്ഞിരിക്കുന്നു.

ക്രിമിനൽ വേട്ട ഏതാണ്ട് പൂർത്തിയായി. ഇനി താൻ തിരിയുക അഴിമതിക്കാരുടെ നേരെയാണെന്ന് മുഖ്യമന്ത്രി നിധീശ്കുമാർ പറയുന്നു. ഇത് വെറും പ്രസംഗമല്ല. അഴിമതിക്കാരെ വേട്ടയാടാനുള്ള ഒരു ബിൽ 2008ൽതന്നെ നിയമസഭ പാസാക്കിയിട്ടുണ്ട്. രാഷ്ട്രപതിയുടെ അംഗീകാരത്തിന്നായി അത് കേന്ദ്രഗവർമ്മേണ്ടിന്ന് സമർപ്പിച്ചിരിക്കുകയായിരുന്നു. കേന്ദ്ര സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥന്മാർ ഇത്രകാലവും അതിന്മേൽ അടയിരിക്കുകയായിരുന്നു. ബില്ലിന്ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത് ഈയിടെയാണ്. ഉദ്യോഗസ്ഥന്മാർ അതിത്രകാലവും വച്ചുതാമസിപ്പിച്ചതിൽ അത്ഭുതപ്പെടാനില്ല. കാരണം, തൊട്ടാൽപൊള്ളുന്ന ഒന്നാണീ ബിൽ.

ഒരു ഉദ്യോഗസ്ഥൻ, അയാൾ വെറും ക്ലർക്കായാലും ഐ.എ.എസ്. കാരനായാലും ഐ.പി.എസ്. കാരനായാലും ശരി, അഴിമതിയിലൂടേയോ നിയമവിരുദ്ധമായോ ധനം സമ്പാദിച്ചിട്ടുണ്ടെന്ന് സംസ്ഥാനത്തിലെ അന്വേഷണ ഏജൻസിക്ക്

പ്രഥമദൃഷ്ട്യാ ബോധ്യം വന്നാൽ, അയാളുടെ സ്വത്ത് കണ്ടുകെട്ടാൻ അധികാരം നൽകുന്ന ഒന്നാണ് ഈ നിയമം. അതിന്ന് കേസ് കഴിയാനോ വിധി വരാനോ കാത്തിരിക്കേണ്ട കാര്യമില്ല. അവസാന വിധി വരുമ്പോൾ, ഉദ്യോഗസ്ഥന്റെ കൈകൾ ശുദ്ധമാണെന്ന് കോടതി വിധിച്ചാൽ, ആ ഉദ്യോഗസ്ഥന്റെ സ്വത്ത് അഞ്ചു ശതമാനം പലിശയോടെ തിരിച്ചു നൽകാനും വ്യവസ്ഥയുണ്ട്.

**ഇന്ത്യയിൽ ഇത്തരമൊരു നിയമം പാസാക്കുന്നത് ഇതാദ്യമാണ്. നിലവിലുള്ള അഴിമതി നിരോധന നിയമങ്ങളെല്ലാം അഴിമതിക്കാരെ രക്ഷിക്കുന്നവയാണ്.**

നിലവിലുള്ള നിയമങ്ങൾ പ്രകാരം ഒരാൾ അഴിമതി കാണിച്ചതായി തെളിഞ്ഞാൽ തന്നെ, സ്വത്ത് പിടിച്ചെടുക്കാൻ വ്യവസ്ഥയില്ല. പത്തുകോടി കട്ടെടുത്തവന് പത്തുമാസത്തെ തടവുശിക്ഷ നൽകിയിട്ടെന്താണ് കാര്യം? ബീഹാറിൽ പാസാക്കിയിട്ടുള്ള നിയമപ്രകാരം എല്ലാ ജില്ലകളിലും അഴിമതിക്കേസിന്നായി മാത്രം സ്പെഷൽ കോടതികൾ സ്ഥാപിക്കും. അഴിമതിക്കാരുടെ നാടായ ബീഹാറിൽ ഈ നിയമം ഒരു ഡയനാമിട്ട് തന്നെയാണ്.

ബീഹാറിലെന്നല്ല, ഇന്ത്യയിലെവിടേയും അഴിമതി തെളിയിക്കുക എളുപ്പമല്ല. തന്റെ അധീനത്തിലുള്ള സ്വത്ത് നിയമവിധേയമായി സമ്പാദിച്ചതാണെന്ന് തെളിയിക്കാൻ ആർക്കും ഒരായിരം മാർഗ്ഗങ്ങൾ ചൂണ്ടിക്കാട്ടാൻ കഴിയും. ഇനി അഥവാ സുപ്രീം കോടതിയിലെത്തി അഴിമതി തെളിഞ്ഞാൽതന്നെ നിസ്സാര ശിക്ഷകൾക്കേ വ്യവസ്ഥയുള്ളൂ.

പണ്ട് ജയിലിൽ പോകുക എന്നു പറഞ്ഞാൽ, അതിൽപരം നാണക്കേടുണ്ടാക്കുന്ന ഒന്നില്ല. സമൂഹം അയാൾക്ക് ഭ്രഷ്ട് കല്പിക്കും. എന്നാൽ സ്വാതന്ത്ര്യ സമരത്തോടെ സ്ഥിതി നേരെമറിച്ചായി. ഇന്ന് ജയിലിൽപോകുന്നതാണ് ഏറ്റവും അഭിമാനകരമായ കാര്യം. യാദൃച്ഛികമായി ജയിലിൽ പോയവന്നുപോലും സർക്കാർ പെൻഷൻ നൽകും.

ഇതിൽനിന്നെല്ലാം വ്യത്യസ്തമാണ് നിധീശ് കുമാറിന്റെ ബിൽ പ്രഥമദൃഷ്ട്യാ അഴിമതിക്കാരനാണെന്നു കണ്ടാൽ തന്നെ ഇളകുന്നതും ഇളകാത്തതുമായ എല്ലാതരം സ്വത്തുവകകളും കണ്ടുകെട്ടാൻ ഇതിൽ വ്യവസ്ഥയുണ്ട്. വിപ്ലവാത്മകമായൊരു നിയമമാണിത്. ലോഹിയയുടെ ശിഷ്യനായ നിധീശ് അതിഷ്ടപ്പെടുന്നു. "അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരുടെ കൊട്ടാര സദൃശമായ ബംഗ്ലാവുകൾ പിടിച്ചെടുത്ത് ദരിദ്രരായ കുട്ടികൾക്ക് പഠിക്കാനുള്ള സ്കൂളായി മാറ്റു"മെന്ന് അദ്ദേഹം പറയുന്നു.

നിധീശ് ഓരോ തിരഞ്ഞെടുപ്പു യോഗത്തിലും ഇതു പറയും. അതു കേൾക്കുന്ന ജനങ്ങൾ ഇളകിമറിയും. നീതി എന്നത് അതിശക്തമായ ഒരായുധമാണ്. നിധീശ് പറഞ്ഞതുപോലെ ചെയ്യുമെന്ന് ജനങ്ങൾ വിശ്വസിക്കുന്നു. കാരണം ആരും തൊടാൻ ധൈര്യപ്പെട്ടിട്ടില്ലാത്ത കുപ്രസിദ്ധ ക്രിമിനലുകളായ മൊഹമ്മദ് ഷഹാബുദീൻ, പപ്പുയാദവ് എന്ന പേരിൽ അറിയപ്പെടുന്ന രാജ്രഞ്ജൻ, അഖലാഖ്, അഹമ്മദ്, സുനിൽപാണ്ഡെ, രാജൻ തിവാരി തുടങ്ങിയവരെയെല്ലാം അകത്താക്കിയ നിധീശിനെ വിശ്വസിക്കാത്തവർ ഇന്നു ബീഹാറിലില്ല. ❑



# കർണ്ണാടക പോലീസ് പത്രക്കാരുടെ നേരെ

തെഹൽകയുടെ കേരളത്തിലെ റിപ്പോർട്ടറായ കെ.കെ.ഷാഹിനക്കെതിരെ കർണാടക പോലീസ് രണ്ടു കേസുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നു. ഇതിനെപ്പറ്റി ഷാഹിന നൽകുന്ന വിവരം ഇതാണ്:



കെ.കെ. ഷാഹിന

നവമ്പർ 16-ാം തിയ്യതി രാവിലെ ഞാൻ രണ്ടു ദ്വിഭാഷികളോടൊപ്പം കർണാടകത്തിലെ ഹസ്സൻ ജില്ലയിലെ ഐഗുറിലെത്തി. ഞങ്ങളവിടെ യോഗാനന്ദിനെ സന്ദർശിച്ചു. 2008 ൽ ബാംഗ്ലൂരിലുണ്ടായ സ്ഫോടനം സംബന്ധിച്ച കേസിലെ സാക്ഷികളിലൊരാളാണദ്ദേഹം. അവിടത്തെ പഞ്ചായത്ത് വൈസ് പ്രസിഡണ്ടടക്കം ചില ബി.ജെ.പി. പ്രവർത്തകരേയും കണ്ടു സംസാരിച്ചു. അബ്ദുൾ നാസർ മദനിക്കെതിരായ പോലീസിന്റെ കുറ്റപത്രത്തിൽ പറയുന്നതുപോലെ തങ്ങളാരും മദനിയെ അവിടെ കണ്ടിട്ടില്ലെന്ന് അവരെല്ലാവരും സമ്മതിച്ചു.

ഞങ്ങൾ ഹോസതോട്ടയിൽനിന്ന് മടങ്ങി. ഈ കേസിലെ മറ്റൊരു സാക്ഷിയായ റഫീഖിനെ കണ്ടു വിവരം ശേഖരിക്കുകയായിരുന്നു ഉദ്ദേശ്യം. ഒരു രഹസ്യകേന്ദ്രത്തിൽവച്ച് കാണാമെന്നാണ് അദ്ദേഹം പറഞ്ഞിരുന്നത്. അങ്ങോട്ടായിരുന്നു ഞങ്ങളുടെയാത്ര. വഴിക്കുവച്ച് പോലീസ് ഞങ്ങളെ തടഞ്ഞുനിർത്തി. ഹോസതോട്ട പോലീസ് സ്റ്റേഷനിലെ സർക്കിൾ ഇൻസ്പെക്ടർ, "ഇത്തരം കാര്യങ്ങളൊന്നും ഇവിടെ അനുവദിക്കില്ല" എന്ന് മുന്നറിയിപ്പു നൽകി. ഞങ്ങൾ പത്രപ്രവർത്തകരാണെന്നു പറഞ്ഞിട്ടും ഫലമുണ്ടായില്ല. മഡിക്കേരിക്കുള്ള വഴിയിലൂടെ ഞങ്ങൾ യാത്ര തുടർന്നപ്പോൾ, ഒരു പോലീസ് വാഹനം ഞങ്ങളുടെ വണ്ടിയുടെ പിന്നാലെക്കൂടിയിരുന്നു. ഞങ്ങൾ സ്ഥലംവിട്ടു എന്ന് ഉറപ്പുവരുത്തുകയായിരുന്നു ലക്ഷ്യമെന്ന് വ്യക്തം. ഒരു മണിക്കൂറിന്നുശേഷം ഞങ്ങൾ മറ്റൊരു വണ്ടി പിടിച്ച് നിശ്ചിത കേന്ദ്രത്തിലെത്തി റഫീഖിനെ കണ്ടു സംസാരിച്ചു.

ഞങ്ങൾ മടങ്ങുന്ന അവസരത്തിൽ, രാത്രി 9.30 ന്ന് സർക്കിൾ ഇൻസ്പെക്ടറിൽനിന്ന് ഒരു ഫോൺ സന്ദേശം ലഭിച്ചു. അദ്ദേഹത്തിന്ന് അറിയേണ്ടിയിരുന്നത് ലളിതമായൊരു കാര്യമായിരുന്നു: "നിങ്ങളൊരു ഭീകരനാണോ?" അതുകേട്ടപ്പോൾ ചിരിക്കണോ കരയണോ എന്ന് എനിക്ക് പിടികിട്ടിയില്ല. ഗ്രാമീണർ ആകെ പരിഭ്രാന്തരായിരിക്കുകയാണെന്നും ഞങ്ങൾ ഭീകരരാണെന്ന് അവർ സംശയിക്കുന്നുണ്ടെന്നും അദ്ദേഹം വിശദീകരിച്ചു. "നിങ്ങളുടെ പത്രാധിപരുമായി സംസാരിച്ച് കാര്യം ഉറപ്പുവരുത്താമെന്നും അദ്ദേഹം പറഞ്ഞു.

# ഗുജറാത്ത് മുഖ്യമന്ത്രിയുടേയും ശിഷ്യന്റേയും കഥ

**- നീന വ്യാസ് -**

ഗുജറാത്തിലെ ആഭ്യന്തരകാര്യമന്ത്രി മുഖ്യമന്ത്രിപദംകൂടി വഹിക്കുന്ന നരേന്ദ്ര മോഡിയാണ്; ആഭ്യന്തരകാര്യസഹമന്ത്രി യാകട്ടെ, ഈയിടെ മന്ത്രിപദം രാജിവച്ച അമിത് ഷായുമാണ്. ഈ ഷാ കോടിക്കണക്കിന്നു രൂപ കൈക്കോഴ വാങ്ങിയതായി സൂചനയുണ്ടെന്നും അതിനെപ്പറ്റി സി.ബി.ഐ.യെക്കൊണ്ട് ഒരന്വേഷണം നടത്തിക്കണമെന്നും ഗുജറാത്ത് സി.ഐ.ഡി. മേധാവിയും പോലീസിലെ അഡീഷണൽ ഡയറക്ടർ ജനറലുമായ കുൽദീപ് ശർമ്മ 2005 ആഗസ്ത് 1ന്ന് ചീഫ് സെക്രട്ടറിക്ക് ഒരു റിപ്പോർട്ടയച്ചു. കൈക്കൂലി കൊടുത്തതും വാങ്ങിയതും സംബന്ധിച്ച വിശദാംശങ്ങളെല്ലാം അതിലുണ്ടായിരുന്നു.

പക്ഷെ കുൽദീപ് ശർമ്മയുടെ കസേര നഷ്ടപ്പെട്ടുവെന്നതുമാത്രമായിരുന്നു അതിന്റെ ഫലം. ഈയിടെ സുപ്രീം കോടതിയുടെ കല്പന പ്രകാരം ഷാക്കെതിരെ സി.ബി.ഐ. അന്വേഷണമാരംഭിക്കുന്നതു

➡

അടുത്ത ദിവസം "ശക്തി", "പ്രജാവാണി", "കന്നഡപ്രഭ" എന്നീ മൂന്നു കന്നഡ പത്രങ്ങളിൽ ഞങ്ങളുടെ സന്ദർശനത്തെപ്പറ്റി ഒരു വാർത്ത പ്രത്യക്ഷപ്പെട്ടു. "ഒരു സംഘം മുസ്ലീമു"കളുടെ "സംശയകരമായ" സന്ദർശനത്തെപ്പറ്റിയായിരുന്നു വാർത്ത. സംഘത്തിലുണ്ടായിരുന്ന സ്ത്രീ "തെഹൽക"യുടെ ഐഡന്റിറ്റി കാർഡ് കാണിച്ചുവെങ്കിലും പോലീസിന്ന് സംശയമുണ്ടെന്നായിരുന്നു പത്രങ്ങൾ പറഞ്ഞിരുന്നത്.

രണ്ടു ദിവസത്തിന്നുശേഷം അതേ പോലീസുദ്യോഗസ്ഥൻ എന്നെ വീണ്ടും വിളിച്ചു. ഇത്തവണ ഞാൻ ആരാണെന്ന കാര്യത്തിൽ അദ്ദേഹത്തിന്ന് സംശയമൊന്നുമുണ്ടായിരുന്നില്ല. എന്നോടൊപ്പമുണ്ടായിരുന്നവരുടെ വിശദവിവരങ്ങളാണ് അദ്ദേഹത്തിന്ന് അറിയേണ്ടിയിരുന്നത്.

ഇപ്പോൾ ഒരു ഭീകരനെ "സൃഷ്ടിക്കുന്നത്" എങ്ങനെയാണെന്ന് എനിക്ക് മനസ്സിലായി. ഒരു ഭീകരനെതിരായ കേസ് വാർത്തെടുക്കുന്ന പോലീസ് സമ്പ്രദായം ഇതാണെങ്കിൽ ഈ നാടിനെപ്പറ്റി ഒരാൾ വേവലാതിപ്പെടുകതന്നെവേണം.

******

കെ.കെ. ഷാഹിനക്കെതിരെ കർണ്ണാടക പോലീസ് കേസെടുത്തിരിക്കുന്നതിൽ പ്രതിഷേധിച്ചുകൊണ്ട് പ്രമുഖ പത്രപ്രവർത്തകർ മുഖ്യമന്ത്രി അച്ചുതാനന്ദന്ന് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ട്. കർണാടക ഗവർമ്മേണ്ടുമായി താൻ സംസാരിക്കാമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകി.

2008 ജൂലായ് 25ന്ന് ബാഗ്ലൂരിൽ എട്ടു ബോംബുകൾ പൊട്ടിത്തെറിച്ചിരുന്നു. തൽഫലമായി ഒരു സ്ത്രീ മരിക്കുകയും പതിനഞ്ചുപേർക്ക് പരിക്കേൽക്കുകയുമുണ്ടായി. ഈ സ്ഫോടനങ്ങൾക്കുള്ള ഗൂഡാലോചന നടന്നത് പി.ഡി.പി. നേതാവായ മദനിയുടെ കൊച്ചിയിലുള്ള വാടകവീട്ടിൽവച്ചും കുടകിലെ ഒരു എസ്റ്റേറ്റിൽവച്ചുമാണെന്ന് കർണാടക പോലീസ് പറയുന്നു. ഇതു സംബന്ധിച്ച് പോലീസ് തയ്യാറാക്കിയ കുറ്റപത്രത്തിൽ പല വൈകൃതങ്ങളും കടന്നുകൂടിയിട്ടുള്ളതിനാൽ, അതിനെപ്പറ്റി അന്വേഷിക്കാനാണ് ഷാഹിന കർണാടകത്തിൽ പോയത്. ഷാഹിന കണ്ടുസംസാരിച്ച രണ്ടു സാക്ഷികളും തങ്ങൾക്കതിനെപ്പറ്റി ഒന്നും അറിയില്ലെന്നും, പോലീസ് ഭീഷണിപ്പെടുത്തി സാക്ഷികളാക്കിയതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ❑





വരെയുള്ള അഞ്ചുകൊല്ലക്കാലത്ത് മുഖ്യമന്ത്രി മോഡി തന്റെ ശിഷ്യനെ സംരക്ഷിച്ചു വളർത്തുകതന്നെ ചെയ്തു. അതിന്റെ കഥയാണിത്. ഷാക്കെതിരെ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട ഗുജറാത്ത് സി.ഐ.ഡി. മേധാവി കുൽദീപ് ശർമ്മയെ ഉടനെ സ്ഥലം മാറ്റി; പന്തു തട്ടുംപോലെ അദ്ദേഹത്തെ പലേടത്തേക്കും തട്ടിക്കളിച്ചു. അദ്ദേഹമിപ്പോൾ ആടുവളർത്തൽ കേന്ദ്രത്തിന്റെ ഡയറക്ടറാണ്.

ആറേഴുകൊല്ലംമുമ്പ് ഗുജറാത്തിലെ മാധവപുരബാങ്ക് പൊളിഞ്ഞ കേസ് പ്രസിദ്ധമാണ്. കേതൻ പരേഖ് എന്നൊരു വില്ലനാണ് ബാങ്കിലെ പണം മുഴുവൻ അപഹരിച്ചതെന്നാണ് പോലീസ് പറയുന്നത്. ഓഹരി കച്ചവടക്കാരനായ കേതൻ പരേഖിന്ന് അന്നു കനത്ത ശിക്ഷ കിട്ടി. എന്നാൽ അമിത് ഷാ കനത്തൊരു സംഖ്യ കൈക്കോഴ വാങ്ങി അയാളെ രക്ഷിച്ചുവെന്നാണ് സി.ഐ.ഡി. പറയുന്നത്. പ്രശ്നം സി.ബി.ഐ.ക്കു വിടാൻ സി.ഐ.ഡി. ശുപാർശ ചെയ്തുവെങ്കിലും മുഖ്യമന്ത്രി മോഡി ഇതുവരെ അതിന്മേൽ നടപടിയൊന്നുമെടുത്തിട്ടില്ല.

തന്നെ ജയിൽ വിമുക്തനാക്കാൻ കേതൻ പരേഖ് അമിത് ഷാക്ക് രണ്ടരകോടി രൂപ കൈക്കോഴ നൽകിയെന്ന് അഹമ്മദാബാദിലെ ഹസ്മുഖ് ഷാ നൽകിയ പരാതിപ്രകാരമാണ് ഗുജറാത്ത് സി.ഐ.ഡി. അന്വേഷണം നടത്തിയത്. 2001ൽ ഗാന്ധി നഗറിലെ മാധവപുര ബാങ്കിനെ ചതിച്ചുവെന്ന കേസിൽ ഈ പരേഖ് ശിക്ഷിക്കപ്പെട്ടിരുന്നു. ബാങ്കിന്ന് ഇയാൾ 1030 കോടിരൂപ നൽകാനുണ്ടെന്നാണ് കേസ്. അന്ന് അറസ്റ്റ് ചെയ്യപ്പെട്ട പരേഖിനെ ജാമ്യത്തിൽ വിട്ടിരുന്നു. മൂന്നു മാസത്തിന്നകം 380 കോടി രൂപ ബാങ്കിൽ കെട്ടിവയ്ക്കണമെന്ന വ്യവസ്ഥയിലായിരുന്നു ജാമ്യം. പക്ഷെ പണമൊന്നും കെട്ടിവയ്ക്കാത്തതിനാൽ പരേഖിന്റെ ജാമ്യം റദ്ദാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബാങ്ക് 2003ൽ സുപ്രീംകോടതിയിൽ ഒരു ഹർജി സമർപ്പിച്ചു. അമിത് ഷാ അന്ന് ബാങ്കിന്റെ ഡയറക്ടർമാരിൽ ഒരാളായിരുന്നു.

എന്നാൽ 2004 ഒക്ടോബറിൽ ഗിരീശ് ധനി എന്നൊരു രാഷ്ട്രീയ ദല്ലാളൻ ഇടപെട്ട് അമിത് ഷായും പരേഖും തമ്മിൽ ഒരു കൂടിക്കാഴ്ചക്ക് ഏർപ്പാട് ചെയ്തു. ഇതിനെത്തുടർന്ന് പരേഖിന്റെ ജാമ്യം റദ്ദാക്കാനുള്ള ഹർജി ബാങ്ക് പിൻവലിച്ചതായി സുപ്രീം കോടതിയുടെ രേഖകളിൽ കാണുന്നു. ധനി, പരേഖ്, ഷാ എന്നിവർ തമ്മിൽ നടന്ന ടെലിഫോൺ സംഭാഷണങ്ങളുടെ രേഖകളോടുകൂടിയാണ് ഗുജറാത്ത് സി.ഐ. ഡി. ഈ പ്രശ്നം സി.ബി.ഐ.ക്കു വിടാൻ ആവശ്യപ്പെട്ടത്. മാധവപുരം ബാങ്ക് തകർച്ചക്കേസ് സി.ബി.ഐ. അന്വേഷിച്ചു വരുന്നതിനാൽ ഈ കേസും സി.ബി.ഐ.ക്ക് വിടാവുന്നതാണെന്ന് സി.ഐ.ഡി. ചൂണ്ടിക്കാട്ടുകയും ചെയ്തു. എന്നാൽ ഗുജറാത്ത് ഗവർമ്മേണ്ട് ഒന്നും ചെയ്തില്ല.

1200 കോടി രൂപയുടെ വെട്ടിപ്പാണ് മാധവപുരബാങ്കിൽ നടന്നിട്ടുള്ളത്. ഒരു ലക്ഷത്തിൽപരം രൂപ നിക്ഷേപമുള്ള ആർക്കും ബാങ്കിൽനിന്നൊന്നും കിട്ടിയിട്ടില്ല. ബാങ്കിനെ പുനരുദ്ധരിക്കാൻ റിസർവ്വ് ബാങ്ക് ഒരു പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും ബാങ്ക് ഇന്നും അടഞ്ഞുകിടക്കുന്നു. ഗുജറാത്തിൽ ഒരുപാട് ചെറിയ സഹകരണ സംഘങ്ങളുണ്ട്. അവയിൽ 75 ബാങ്കുകളുടെ പണം മാധവപുരം ബാങ്കിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ഈ കൊച്ചു ബാങ്കുകളെല്ലാം ഇപ്പോൾ പാപ്പരടിച്ചിരിക്കുകയാണ്.

ഇപ്പോഴത്തെ പ്രധാന പ്രശ്നം ഇതാണ്. മുഖ്യമന്ത്രി മോഡി എന്തുകൊണ്ടാണ് ഈ സി.ഐ.ഡി. റിപ്പോർട്ട് ഇപ്പോഴും പൂഴ്ത്തിവച്ചിരിക്കുന്നത്? ഷാ നിർദ്ദോഷിയാണെങ്കിൽ എന്തിന്ന് സി.ബി.ഐ. യെ പേടിക്കണം?

ബാങ്ക് തട്ടിപ്പു സംബന്ധിച്ച കേസിൽ പരേഖിന്നുവേണ്ടി ഹാജരായ വക്കീൽ ബി.ജെ.പി. നേതാവായ അരുൺ ജയ്റ്റ്ലിയാണ്. ❑

# ഒറീസാ ഗവർമ്മേണ്ടിന്റെ ഒളിച്ചുകളികൾ

2005 ഫെബ്രുവരി 28ന്നാണ് ഒറീസാ ഗവർമ്മേണ്ട് 661 ഹെക്ടർ വനഭൂമി ഖനനാവശ്യത്തിന്ന് അനുവദിക്കണമെന്ന് കേന്ദ്രഗവർമ്മേണ്ടിനോടാവശ്യപ്പെട്ടത്. ഒറീസയിലെ കാളഹന്ദി, റായഗഡ എന്നീ രണ്ടു ജില്ലകളിൽപെട്ട ഭൂമിയാണിത്. ഒറീസാ മൈനിങ്ങ് കോർപറേഷന്നാണ് ഭൂമി ആവശ്യം.

കേന്ദ്ര വനം വകുപ്പിന്റെ വനം ഉപദേശക സമിതി മൂന്നുതവണ സമ്മേളിച്ച് ചർച്ച നടത്തി. ഒടുവിൽ 2007 ഒക്ടോബർ 27ന്ന് അതിന്ന് "താത്വികമായി" അനുമതി നൽകി. പക്ഷെ പല ഉപാധികളോടും കൂടിയതായിരുന്നു അത്. ഉപയോഗിക്കുന്നിടത്തോളം ഭൂമി വനത്തിന്നായി വേറെ കണ്ടെത്തണം, അത്യാവശ്യത്തിന്നുള്ള മരങ്ങളേ മുറിക്കാവൂ; വന്യജീവി സംരക്ഷണ നിയമം പരിഷ്ക്കരിക്കണം തുടങ്ങിയവയായിരുന്നു വ്യവസ്ഥകൾ.

ഇതിനെത്തുടർന്ന് സുപ്രീം കോടതി 2007 നവമ്പർ 23ന്ന് ഒരു വിധി പറഞ്ഞു. സുപ്രീം കോടതിയുടെ വിധിയിലും കുറെ ഉപാധികൾ കൂട്ടിച്ചേർത്തിരുന്നു. അതിലൊന്ന് ഒറീസാ മൈനിങ് കോർപ്പറേഷൻ മാത്രമേ ഈ പദ്ധതി നടപ്പാക്കാവൂ. വേദാന്ത എന്ന പേരിലുള്ള കമ്പനിയോ അതിന്റെ രൂപാന്തരത്തിൽപെട്ട ഏതെങ്കിലും സ്ഥാപനമോ ഇത് നടപ്പാക്കാൻ പാടില്ല.

2008 ആഗസ്ത് 8ന്ന് സുപ്രീം കോടതി മറ്റൊരു കല്പനകൂടി നൽകി. മേൽ പറഞ്ഞ കാരണങ്ങളാലും ഒറീസാ മൈനിങ് കോർപറേഷൻ സമർപ്പിച്ച സത്യവാങ് മൂലത്തിന്റെ അടിസ്ഥാനത്തിലും 2007 നവമ്പർ 23 ലെ കോടതി കല്പനയിൽ പറയുന്ന പുനരധിവാസ പദ്ധതിയുടെ അടിസ്ഥാനത്തിലും 661 ഹെക്ടർ വനഭൂമി വനേതരാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ ഞങ്ങൾ അനുമതി നൽകുന്നു. ഇനി അംഗീകാരം നൽകേണ്ടത് കേന്ദ്ര വനം വകുപ്പാണ്. അവർക്ക് അത് നിയമാനുസൃതം ചെയ്യാം.

ഇതിനെത്തുടർന്ന് 2008 ഡിസംബർ 11ന്ന് കേന്ദ്ര വനം മന്ത്രികാര്യാലയം ഒറീസാ ഗവർമ്മേണ്ടിന്ന് "താത്വികമായി" അനുമതി നൽകി.

അതേസമയം, സുപ്രീംകോടതിയുടെ "ഉന്നതാധികാര സമിതി" 2005 സെപ്തമ്പർ 21ന്ന് ഈ പദ്ധതിയെപ്പറ്റി ഒരു റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അതിൽ വനംഭൂമി നൽകാൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ടെന്നു മാത്രമല്ല പാരിസ്ഥിതികമായി നൽകിയ അനുമതി റദ്ദാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും പദ്ധതി സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളും നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടിയിരുന്നു.

എന്നാൽ ഒറീസാ ഗവർമ്മേണ്ട് 2009 ആഗസ്ത് 10ന്ന് പദ്ധതിക്കുള്ള അന്തിമാനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ സമർപ്പിച്ചു. വനം ഉപദേശക സമിതി 2009 നവമ്പർ 4ന്ന് ഇക്കാര്യം പരിശോധിച്ചു. പദ്ധതിക്ക് അന്തിമാനുമതി നൽകുന്നതിന്നുമുമ്പ് വനഭൂമിയിൽ പൊതു സമൂഹത്തിന്നുള്ള അവകാശം ഉറപ്പുവരുത്തുകയും 2006 ലെ പട്ടിക ജാതി വനാവകാശ നിയമപ്രകാരമുള്ള അവകാശങ്ങൾക്ക് ഉറപ്പുവരുത്തുകയും വേണമെന്ന് ഉപദേശകസമിതി തീരുമാനിച്ചു. നേരിട്ടുപോയി സ്ഥലം പരിശോധിക്കാൻ ഒരു വിദഗ്ധ സംഘത്തെ നിയോഗിക്കാനും സമിതി തീരുമാനിച്ചു.

അങ്ങനെ 2010 ജനുവരി 1ന്ന് മൂന്നു വിദഗ്ധരടങ്ങിയ ഒരു കമ്മിററി നിലവിൽവന്നു. (1) ഗോത്രവർഗ്ഗ പ്രശ്നങ്ങളിൽ വിദഗ്ധയായ ഡോ. ഉഷാരാമനാഥൻ, (2) ആന പദ്ധതിയുടെ മുൻ ഡയറക്ടറായ ശ്രീ വിനോദ് ഋഷി, (3) വനം-പരിസ്ഥിതിമന്ത്രകാര്യാലയത്തിന്റെ ഭുവനേശ്വറിലെ റീജിയനൽ കൺസർവേറ്ററായ ജെ. കെ. തിവാരി എന്നിവരായിരുന്നു അംഗങ്ങൾ. ഒറീസാ മൈനിങ് കോർപറേഷന്റെ നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമായ ശുപാർശ സമർപ്പിക്കാനാണ് ഈ വിദഗ്ധ കമ്മിറ്റിയെ നിയോഗിച്ചത്. 2010 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി വിദഗ്ധ കമ്മിറ്റി നേരിട്ട് സ്ഥലപരിശോധന നടത്തി. 2010 ഫെബ്രുവരി 25ന്ന് ഇവർ വ്യത്യസ്തങ്ങളായ മൂന്നു റിപ്പോർട്ടുകളാണ് സമർപ്പിച്ചത്. വിലയേറിയ സ്ഥലനിരീക്ഷണ റിപ്പോർട്ടുകളാണിവ. (www.moef.gov.in) എന്നാലും വിവിധ വിഷയങ്ങൾ സംബന്ധിച്ച് കൂടുതൽ വിശദമായ പഠനം ആവശ്യമാണെന്നും പ്രസക്തമായ വിവിധ വിഷയങ്ങളെ ഏകീകൃതമായി നോക്കേണ്ടതുണ്ടെന്നും അവർ പറഞ്ഞിരുന്നു.

വ്യത്യസ്തങ്ങളായ ഈ മൂന്നു റിപ്പോർട്ടുകൾ പരിശോധിക്കാൻ 2010 ഏപ്രിൽ 16ന്ന് വനം ഉപദേശക സമിതി സമ്മേളിച്ചു. വനാവകാശ പ്രശ്നങ്ങൾ പ്രത്യേകം പരിശോധിക്കാൻ ഗോത്രവർഗ്ഗമന്ത്രകാര്യാലയത്തിൻ കീഴിൽ ഒരു സ്പെഷൽ കമ്മിറ്റിയെ നിയമിക്കാൻ യോഗം തീരുമാനിച്ചു.

തന്മൂലം 2010 ജൂൺ 29ന്ന് വനംമന്ത്രകാര്യാലയത്തിന്റെ ഉത്തരവാദിത്വത്തെ മനസ്സിൽ കണ്ടുകൊണ്ട് വനം മന്ത്രകാര്യാലയം 2010 ഏപ്രിൽ 13ന്ന് വനാവകാശനിയമം നടപ്പാക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചു കഴിഞ്ഞിട്ടുണ്ടെന്ന കാര്യം മുൻനിർത്തി വിദഗ്ധരടങ്ങിയ ഒരു കമ്മിറ്റിയെ നിയോഗിക്കാൻ നിശ്ചയിച്ചു. രണ്ടു കാര്യങ്ങളാണിവർ പരിശോധിക്കുക. (1) വനവാസികളുടെ അവകാശങ്ങൾ തീർത്തുകഴിഞ്ഞുവോ? (2) ഇതു നടപ്പാക്കുമ്പോൾ വന്യജീവികളെ എങ്ങനെ ബാധിക്കും? ജൈവവൈവിധ്യം തകരാറിലാകുമോ?

അങ്ങനെ ഡോക്ടർ നരേശ് സാക്സേന, ഡോ. അമിത ബസിസ്കാർ, ഡോ. പ്രമോദ് കാന്ത്, ഡോ. എസ്. പരശുരാമൻ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചു. തങ്ങളുടേതായ പ്രവർത്തന മേഘലയിൽ കളങ്കലേശം പോലുമേശാത്തവരാണിവർ അങ്ങനെ 2010 ആഗസ്ത് 16ന്ന് ഇവർ റിപ്പോർട്ട് സമർപ്പിച്ചു. (www.moef.gov.in)

**സാക്സേന കമ്മിറ്റിയുടെ പ്രധാന നിർദ്ദേശങ്ങൾ**

ഒരവസാന തീരുമാനമെടുക്കുന്നതിന്നാശ്രയിച്ച പ്രധാന കാര്യങ്ങൾ താഴെ ചേർക്കുന്നു.

***ഖനനത്തിന്റെ പാരിസ്ഥിതികമായ ചെലവ്:***

1. നിർദ്ദിഷ്ടമായ തോതിലുള്ള ഖനന പ്രവർത്തനം ഏഴു ചതുരശ്ര കിലോമീറ്ററിലധികം സ്ഥലത്തെ ബാധിക്കും. സുപ്രധാന വന്യജീവി ജീവമണ്ഡലത്തെ അത് കടുത്ത തോതിൽ ബാധിക്കും. നിയമഗിരി വന്യജീവി മണ്ഡലത്തിന്റെ പ്രധാന ഭാഗമാണിത്.

2. ഒന്നേകാൽ ലക്ഷത്തിലേറെ മരങ്ങൾ ഖനനത്തിന്നായി മുറിച്ചുമാറ്റേണ്ടിവരും. ചെടികളുടെ എണ്ണത്തിന്ന് കണക്കില്ല.

3. കാടുകൾക്കും മേച്ചിൽ പുറങ്ങൾക്കും ഇടയിലുള്ള ഭാഗത്തെ, ഈ ഖനനം നശിപ്പിക്കും വന്യജീവികൾക്ക് അത് വലിയ നാശം വരുത്തും.

4. നാലുകൊമ്പുള്ള മാനുകൾ തിന്നു വളരുന്ന മേഖലയാണിത്. അത്യപൂർവ്വമായ ഒരുതരം പല്ലിയേയും ഇവിടെ കണ്ടിട്ടുണ്ട്. ഖനനം മൂലം ഇവ നാശോന്മുഖമാകും.

5. സുപ്രധാനമായ ഒരു ഗജവാസ കേന്ദ്രമാണ് നിയമഗിരി. അതുകൊണ്ടാണ് അത് ദക്ഷിണ ഒറീസാ ഗജസംരക്ഷണ കേന്ദ്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിർദ്ദിഷ്ട തോതിലുള്ള ഖനനം ഗജവാസ കേന്ദ്രത്തെ തകരാറിലാക്കും, ദക്ഷിണ ഒറീസയിലെ ഗജസംരക്ഷണ പരിപാടിയ്ക്ക് അത് ഒരു ഭീഷണിയാണ്.

6. നിയമഗിരി കുന്നിൽ ഏഴു ചതുരശ്ര കിലോമീറ്റർ പ്രദേശം വെട്ടി വെളുപ്പിക്കേണ്ടി വരും. അത് ആ പ്രദേശത്തെ ജലലഭ്യതയെ പാടെ തകരാറിലാക്കും. അത് പരിസ്ഥിതി നാശത്തിന്നു മാത്രമല്ല ഈ ജലത്തെ ആശ്രയിച്ചു ജീവിക്കുന്ന സമൂഹങ്ങളേയും ബാധിക്കും.

***ഖനനത്തിന്റെ മനുഷിക ചെലവ്:***

1. ഈ ഖനന മേഖലയിൽ 28 കോന്ഡ് ഗ്രാമങ്ങളുണ്ട്. അവയിലാകെ 5148 പേർ വസിക്കുന്നു. ഇതിൽ ഏതാണ്ട് 1453 ദോൻഗാരിയ കോന്ധുകളാണ്. ഈ ഗോത്രവർഗ്ഗത്തിന്റെ ആകെ ജനസംഖ്യയുടെ ഏതാണ്ട് 20 ശതമാനം ഇവരാണ്.

2. ദോൻഗാരിയ കോന്ധുകളുടെ അഞ്ചിലൊരു ഭാഗത്തിന്റെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തെ ഖനനം നേരിട്ടു ബാധിക്കുമെങ്കിൽ അത് ആ സമൂഹത്തിന്റെ ക്ഷേമത്തിന്ന് ഭീഷണിയാകും.

3. ദോൻഗാരിയ കോന്ധുകളുടേയും കുടിയ ഗോന്ധുകളുടേയും ജീവിതം വനത്തെ ആശ്രയിച്ചാകയാൽ ഈ വനം പോയാൽ അവരുടെ സാമ്പത്തിക ജീവിതം ക്ഷയിക്കും. ഈ ഗ്രാമങ്ങളിൽ ഭൂരഹിത ദളിതുകളും ജീവിക്കുന്നുണ്ട്. അവർ കോന്ധുകളെ ആശ്രയിച്ചു കഴിയുന്നവരാണ്. അവരുടെ സ്ഥിതിയും അവതാളത്തിലാകും.

4. ദോൻഗാരിയ കോന്ധുകൾ കൃഷിക്കുപയോഗിക്കുന്ന ഭൂമി ഖനന മേഖലക്ക് തൊട്ടടുത്താണ്. ഖനനത്തിന്നായി മരം മുറിക്കുന്നതും വെടി പൊട്ടിക്കുന്നതും മണ്ണു നീക്കുന്നതും റോഡുണ്ടാക്കുന്നതും കൃഷി ഭൂമിയെ സമീപിക്കാനാകാത്ത സ്ഥിതി വരുത്തും.

5. ഈ ഖനന പ്രവൃത്തികൾ സമീപത്തെ കുന്നിൻ ചരിവുകളെയും അരുവികളേയും നശിപ്പിക്കും. കൃഷിക്ക് ഇവ അത്യാവശ്യമാണ്.

***വനാവകാശ ലംഘനങ്ങൾ:***

നിർദ്ദിഷ്ട ഖനന മേഖലയും ചുറ്റുമുള്ള ഇടതിങ്ങിയ കാടുകളും കോന്ഡ് പ്രാകൃത ഗോത്രവർഗ്ഗങ്ങളുടെ സാംസ്കാരികവും മതപരവും സാമ്പത്തികവുമായ ഉപജീവനത്തിന്ന് അത്യാവശ്യമാണെന്നത് സംശയാതീതമായി സുസ്ഥാപിതമാണ്. പ്രാകൃത ഗോത്രവർഗ്ഗ സംഘങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുന്നതും നിരുത്സാഹപ്പെടുത്തുന്നതും ജില്ലാ അധികാരികളുടേയും മററധികൃതരുടേയും ഭാഗത്തു നിന്നുണ്ടാകുന്ന നിയമപരമായ വീഴ്ചയാണ്. സംസ്ഥാന ഗവർമ്മേണ്ട് വനം നിയമ വ്യവസ്ഥകൾ പ്രകാരം പ്രവർത്തിച്ചിട്ടില്ലാത്തതിനാലും കോന്ഡ് പ്രാകൃത ഗോത്രവർഗ്ഗ ഗ്രൂപ്പുകളെ പാടെ അവഗണിച്ചിരിക്കുന്നതിനാലും കേന്ദ്ര വനം-പരിസ്ഥിതിമന്ത്രി കാര്യാലയത്തിന്ന് ചെയ്യാവുന്നത് ഒന്നേയുള്ളൂ. പദ്ധതിക്കനുമതി നൽകിയത് പിൻവലിക്കലാണത്.

കമ്മിറ്റി ശേഖരിച്ച തെളിവുകൾവച്ചു നോക്കുമ്പോൾ, ഖനന മേഖലയെ സംബന്ധിച്ചിടത്തോളം സംസ്ഥാന ഗവർമ്മേണ്ട് നിഷ്പക്ഷമായും നീതിപൂർവ്വമായും പ്രവർത്തിക്കുന്നതിന്ന് ഇടയില്ലെന്ന് കേന്ദ്ര ഗവർമ്മേണ്ട് കരുതുന്നു. സംസ്ഥാന ഗവർമ്മേണ്ട് വ്യാജമായ സാക്ഷ്യ പത്രങ്ങൾ ഹാജരാക്കിയിട്ടുള്ളതിനാലും ഭാവിയിലും അങ്ങനെയെല്ലാം ചെയ്യാൻ ഇടയുള്ളതിനാലും ➡ ഒറീസാ ഗവർമ്മേണ്ട് പറയുന്നതെല്ലാം സൂക്ഷിച്ചല്ലാതെ സ്വീകരിക്കാവുന്നതല്ല. അതിനാൽ ഖനന മേഖലയിലെ സമൂഹാവകാശം സംബന്ധിച്ച് ജനങ്ങൾ സമർപ്പിക്കുന്ന അവകാശവാദങ്ങൾ കേൾക്കുന്നതിന്ന് കേന്ദ്ര ഗവർമ്മേണ്ട് തൊഴിൽപരമായി വിശ്വസനീയമായ ഒരു അഥോറിട്ടിയെ നിയോഗിക്കേണ്ടതാണ്.

ചുരുക്കത്തിൽ വനഭൂമി വനേതരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ ഇന്നത്തെ നിലക്ക് അനുവദിച്ചുകൂടാ. ❑



# മതസ്വാതന്ത്ര്യം പോലും ഇവിടെ കടംകഥയാകുന്നു!

- വിദ്യ സുബ്രഹ്മണ്യം -

**അ**തൊരു മുസ്ലീം പള്ളിയാണ്; അഥവാ രേഖയങ്ങനെയാണ്. ദൽഹിയിലെ രോഹിണി നഗറിൽ “ഡി” ബ്ലോക്കിൽ സെക്ടർ 16ൽ കിടക്കുന്ന 361.86 ചതുരശ്രമീറ്റർ വരുന്ന സ്ഥലം ഏറെക്കുറെ ശൂന്യമാണെന്നു പറയാം. മതിൽപണി പകുതിക്കുവച്ച് നിർത്തിയിരിക്കുന്നു. അതിന്നകത്ത് ഒരു താൽക്കാലിക മേൽപുരയും കാണാം.

2009 ജൂണിലാണ് മതിൽപണി തുടങ്ങിയത്. ചില ഹിന്ദു മൂർഖന്മാർ ബഹളം കൂട്ടിയതിനാൽ 2009 ജൂൺ 26ന്ന് പണി നിർത്തിവച്ചു. മുഹമ്മദ് മൊയിൻ എന്ന പണിക്കാരന്ന് പരിക്കേറ്റു. വേറേയും ഡസൻ കണക്കിന്നാളുകൾക്ക് പരിക്കേൽക്കുകയുണ്ടായി. മാത്രമല്ല, ചില പോലീസുകാർക്കും പരിക്കേറ്റു.

ഇന്ത്യയുടെ ദേശീയ തലസ്ഥാനം പോലുള്ള ഒരു സ്ഥലത്ത് ഇങ്ങനെയെല്ലാം നടന്നിട്ടും അതിനെപ്പറ്റി ഒരു വാചകം പോലും ഒരു പത്രവും റിപ്പോർട്ട് ചെയ്തില്ലെന്നു പറഞ്ഞാൽ, ഒരു കൊല്ലം കഴിഞ്ഞിട്ടും ആ പ്രശ്നത്തിന്നൊരു പരിഹാരമുണ്ടായില്ലെന്നു പറഞ്ഞാൽ! ഭരണകൂടം അനങ്ങിയില്ലെന്നു പറഞ്ഞാൽ! ഭൂരിപക്ഷവിഭാഗത്തിന്റെ സമ്മർദ്ദത്തിന്നു കീഴിൽ ന്യൂനപക്ഷത്തിന്റെ മനസ്വാതന്ത്ര്യത്തിന്നു രക്ഷയില്ലെന്നു വന്നാൽ!

ദൽഹി ഡവലപ്മെന്റ് അഥോറിട്ടി പള്ളി പണിയാനെന്ന വ്യവസ്ഥയിൽ ഒരു സ്ഥാപനത്തിന്ന് ഏല്പിച്ചു കൊടുത്തതാണ് ഈ ഭൂമി. നിയമാനുസൃതം ലഭിച്ച ഭൂമിയിലാണ് അവർ പത്തു ദിവസത്തിന്നു ശേഷം പണിയാരംഭിച്ചത്. പണിസ്ഥലത്ത് അക്രമങ്ങൾ നടന്നതിനെത്തുടർന്ന്, ആ ഭൂമി അനുവദിച്ചുകൊടുത്ത നടപടി ദൽഹി വികസന അഥോറിട്ടി റദ്ദാക്കി. “തദ്ദേശവാസികളും അവരുടെ സംഘടനകളും എതിർക്കുന്ന സാഹചര്യത്തിൽ, ഭൂമി അനുവദിച്ചത് റദ്ദാക്കുന്നു” എന്നാണവർ പറഞ്ഞത്.

ദേശീയ ന്യൂനപക്ഷ കമ്മീഷൻ ഈ പ്രശ്നം സംബന്ധിച്ച് പലതവണ ചർച്ചകൾ നടത്തി. രൂക്ഷമായ വാദപ്രതിവാദങ്ങൾ നടന്നു. ഒടുവിൽ ഭൂമി വീണ്ടും നൽകാൻ ദൽഹി വികസന അഥോറിട്ടി സമ്മതിച്ചു. ഒരു കൊല്ലത്തിന്നുശേഷം 2010 ജൂലായ് 12ന്നാണ് ഈ കല്പനയുണ്ടായത്. പക്ഷെ രേഖാമൂലമുള്ള ചില വ്യവസ്ഥകളോടെയായിരുന്നു അത്. “മറ്റുള്ളവർക്കാർക്കും” പള്ളിയിൽ പ്രവേശനം അനുവദിക്കില്ലെന്നതായിരുന്നു വ്യവസ്ഥ. നാട്ടുകാരായ മുസ്ലീമുകളുടെ സ്നേഹിതന്മാർക്കും ബന്ധുക്കൾക്കുപോലും പ്രവേശനം നിഷേധിക്കുന്നതായിരുന്നു ആ വ്യവസ്ഥ. ❑

# തൊഴിലവകാശം: ഗവർമ്മേണ്ട് തന്നെ നിയമം ലംഘിക്കുന്നു

**- അരുണ റോയ്, നിഖിൽ ഡേ -**

**പു**രോഗമനാത്മകമായ ഒരു പദ്ധതിയെ കീഴ്മേൽ മറിക്കാനുള്ള ഇന്ത്യാ ഗവർമ്മേണ്ടിന്റെ അപാരമായ ശേഷിയെപ്പറ്റി പഠിക്കാൻ ആർക്കെങ്കിലും താല്പര്യമുണ്ടെങ്കിൽ, അവർക്കിതാ ഗവർമ്മേണ്ടിന്റെ തൊഴിലവകാശപദ്ധതിയിൽനിന്ന് ആരംഭം കുറിക്കാം. ഇന്ത്യ സ്വാതന്ത്ര്യം നേടിയ ഉടനെ പാസാക്കിയ ഒരു നിയമമാണ് മിനിമം വേജസ് ആക്ട്. ഇതനുസരിച്ച് ഗവർമ്മേണ്ട് ഒരു കുറഞ്ഞ വേതനം നിശ്ചയിച്ചു കഴിഞ്ഞാൽ, ആ വേതനം നൽകാൻ എല്ലാവരും ബാധ്യസ്ഥരാണ്. എന്നാൽ, മിനിമം വേജസ് ആക്ടിനെ പാടെ ധ്വംസിക്കുന്ന ഒന്നാണ് ഈയിടെ പാസാക്കിയ തൊഴിലവകാശ നിയമം. ചൂഷണം ചെയ്യപ്പെട്ടുവരുന്ന ഇന്ത്യയിലെ അസംഘടിത തൊഴിലാളിവർഗ്ഗത്തെ സംരക്ഷിക്കാനുള്ള അപൂർവ്വം നിയമങ്ങളിലൊന്നായിരുന്നു 1948 ലെ മിനിമം വേജസ് ആക്ട്. നിശ്ചിത മിനിമം വേതനം ലഭിക്കാനുള്ള തൊഴിലാളിയുടെ അവകാശം മൗലീകാവകാശമാണെന്ന് സുപ്രീം കോടതി വിധിച്ചിട്ടുണ്ട്. മിനിമം വേതനം നൽകാതിരിക്കുന്നത് ഭരണഘടനയിലെ 23-ാം അനുഛേദത്തിന്റെ ധ്വംസനമാണെന്നും, മിനിമം വേതനം നൽകാതെ പണിയെടുപ്പിക്കുന്നത് അടിമവേലയാണെന്നും കോടതി വിധിച്ചിട്ടുണ്ട്.

2009 ജനുവരിയിൽ ഗ്രാമീണ വികസനമന്ത്രകാര്യാലയം തൊഴിലവകാശ പദ്ധതിയിലെ വേതന വ്യവസ്ഥയെ മിനിമം വേതന നിയമത്തിന്റെ പരിധിയിൽ നിന്ന് വേർപ്പെടുത്തിക്കൊണ്ട് ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു. മിനിമം വേതന നിയമത്തെത്തന്നെ അട്ടിമറിക്കുന്ന ഒന്നാണിത്. തൊഴിലവകാശ നിയമം നടപ്പാക്കുന്നതിൽ തന്നെ പരിമിതമായ വിജയമേ നമുക്കുണ്ടായിട്ടുള്ളൂ. സ്വാതന്ത്ര്യാനന്തരം ഇന്ത്യയുടെ സമ്പത്തത്രയും കീശയിലൊതുക്കിയ ന്യൂനപക്ഷത്തിന്ന് ഈ തൊഴിലവകാശ നിയമം പോലും ദഹിപ്പിക്കാനാകുന്നില്ല. നിക്ഷിപ്ത താൽപര്യക്കാർ അവരുടെ അധികാരവും തന്ത്രവും പാവങ്ങൾക്ക് കൈവരുന്ന ചില്ലറ നേട്ടങ്ങൾ പോലും വാരി തിന്നുകയാണ് ചെയ്യുകയാണ്.

തൊഴിലവകാശ നിയമത്തെ പലരും വിമർശിക്കുന്നുണ്ട്. ഈ വിമർശനമത്രയും അസ്ഥാനത്താണെന്ന് ഇതിന്നകം തെളിഞ്ഞു കഴിഞ്ഞു. ഗ്രാമീണ തൊഴിലാളികളുടെ സമ്പാദ്യ നിരക്ക് വർധിപ്പിക്കാൻ അതിന്ന് സാധിച്ചു. ഖജനാവിൽ നിന്ന് പണമെടുക്കാതെ തന്നെ ഇത് നേടാൻ കഴിഞ്ഞു. ഈയിടെയുണ്ടായ സാമ്പത്തിക മാന്ദ്യത്തിന്റെ ദുഷ്ഫലം ഗ്രാമീണ മേഖലയിലെത്താതെ സൂക്ഷിച്ചത് ഈ തൊഴിലവകാശ നിയമമായിരുന്നു. തൊഴിലവകാശ നിയമം നടപ്പാക്കാത്ത പ്രദേശങ്ങളിൽ പോലും, നാടുവാഴികളടക്കമുള്ള എല്ലാ തൊഴിലുടമകളിൽനിന്നും മിനിമം വേതനം പിടിച്ചെടുക്കാൻ സഹായിച്ചത് ഈ തൊഴിലവകാശ നിയമമാണ്. ജന്മിമാർ നൽകിവന്നിരുന്ന അല്പമാത്രമായ കൂലി വേണ്ടെന്നുവച്ച് തൊഴിലാളികൾ തൊഴിലവകാശ കേന്ദ്രങ്ങളിൽ പണിയെടുക്കാൻ പോയപ്പോൾ, മുതലാളിമാർക്ക് പണിക്ക് ആളെ കിട്ടണമെങ്കിൽ മിനിമം വേതനമെങ്കിലും നൽകിയേ തീരൂ എന്നുവന്നു. വാസ്തവത്തിൽ ഖജനാവിൽനിന്ന് പണം പോകുന്നതിലല്ല, സ്വന്തം പോക്കറ്റിൽനിന്ന് പണം ചെലവാക്കേണ്ടിവരുന്നതാണ് നിക്ഷിപ്ത താല്പര്യക്കാരെ അങ്കലാപ്പിലാക്കിയിരിക്കുന്നത്. അവരാണ് തൊഴിലുറപ്പു നിയമപ്രകാരമുള്ള വേതനം കുറക്കാൻ ഗവർമ്മേണ്ടിനെ നിർബ്ബദ്ധമാക്കിയിരിക്കുന്നത്.

2009 ജനുവരി 1ന്ന് ഗ്രാമീണ വികസന മന്ത്രികാര്യാലയം പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിലാണ് തൊഴിലുറപ്പു നിയമപ്രകാരം നൽകാവുന്ന പരമാവധി വേതനം 100 രൂപയായി നിശ്ചയിച്ചത്. 100 രൂപയിലധികം മിനിമം വേതനം നൽകിവരുന്ന സംസ്ഥാനങ്ങളിൽ അത് നൂറുരൂപയായി മരവിപ്പിക്കുകയും ചെയ്തു. തൊഴിലവകാശ നിയമത്തിന്റെ കരടു തയ്യാറാക്കുന്ന അവസരത്തിൽ തന്നെ മിനിമം വേതനത്തെപ്പറ്റി തർക്കമുണ്ടായിരുന്നു. മിനിമം വേതനത്തിനും താഴെ ഒരു മിനിമം വേതനം വേണമെന്ന് ഉദാരവൽക്കരണ വക്താക്കൾ വാദിച്ചു. അതിന്നായി അവർ ഒരു വകുപ്പ് തിരുകിക്കയറ്റുകയും ചെയ്തു. ഇതനുസരിച്ച്, മിനിമം വേതന നിയമത്തിൽ പറയുന്നതെന്തായാലും, തൊഴിലവകാശ നിയമപ്രകാരം നൽകേണ്ട വേതനം ഗവർമ്മേണ്ടിന്നു നിശ്ചയിക്കാം. അതായത് വേതനം ഒരു രൂപ എന്നു നിശ്ചയിച്ചാലും അതിനെ ചോദ്യം ചെയ്യാനാവില്ല!

സുപ്രീം കോടതി 1983ലെ ഒരു കേസിൽ, മിനിമം വേതനത്തേക്കാൾ കുറഞ്ഞ വേതനം നൽകിയാൽ അത് അടിമവേലയും ഭരണഘടനയിലെ 23 -ാം അനുഛേദത്തിന്റെ ലംഘനവുമാണെന്ന് വിധിച്ചിരുന്നു. 2009 ജൂലായ് 9ന്ന് ഗ്രാമീണ വികസന മന്ത്രികാര്യാലയത്തിൽ ഈ പ്രശ്നം ചർച്ചക്ക് വന്നപ്പോൾ തൊഴിൽ വകുപ്പും ഇതേ നിലപാടാണ് സ്വീകരിച്ചത്. മിനിമം വേതന പ്രശ്നം തൊഴിലാളികൾ ആന്ധ്രാ ഹൈക്കോടതിയിൽ ഉന്നയിച്ചപ്പോൾ, കോടതി ഗ്രാമവികസന മന്ത്രി കാര്യാലയത്തിന്റെ വിജ്ഞാപനത്തെ സ്റ്റേ ചെയ്തിരുന്നു. ആന്ധ്രയിൽ നിലവിലുള്ള മിനിമം വേതനം തൊഴിലവകാശ നിയമപ്രകാരം നൽകുന്ന വേതനത്തിന്നും കോടതി ബാധകമാക്കി. കേന്ദ്ര ഗവർമ്മേണ്ട് ഈ പ്രശ്നം വീണ്ടും പരിശോധിച്ചു. തുടർന്നുണ്ടായ തീരുമാനം വിചിത്രമാണ്. ആന്ധ്രയിൽ തൊഴിലവകാശ നിയമപ്രകാരമുള്ള വേതനം അവിടത്തെ മിനിമം വേതനമാകാമെന്നും, എന്നാൽ കേന്ദ്ര ഗവർമ്മേണ്ട് നിശ്ചയിച്ച 100 ക. യിൽ കൂടുതൽ വരുന്ന തുക ആന്ധ്രാ ഗവർമ്മേണ്ടിന്റെ ഖജനാവിൽ നിന്നു തന്നെ നൽകണമെന്നുമായിരുന്നു കല്പന. സംസ്ഥാന ഗവർമ്മേണ്ടുകളുടെ കയ്യിൽ ഇതിന്നുള്ള പണമില്ലെന്നു മാത്രമല്ല തൊഴിലവകാശ നിയമത്തിന്റെ 22 (1) വകുപ്പനുസരിച്ച് വേതനത്തുക മുഴുവനും കേന്ദ്രഗവർമ്മേണ്ട് വഹിക്കേണ്ടതുമുണ്ട്.

ഖജനാവിൽ പണമില്ലെന്നു പറഞ്ഞാണ് ഉദ്യോഗസ്ഥ പ്രമാണിമാർ നിയമത്തെ ദുർവ്യാഖ്യാനം ചെയ്ത് പാവങ്ങൾക്കു മിനിമം വേതനം നിഷേധിക്കുന്നത്. എന്നാൽ ഇതേ ഉദ്യോഗസ്ഥ പ്രമാണിമാർ ആറുമാസം കൂടുമ്പോൾ അവരുടെ സ്വന്തം ക്ഷാമബത്ത കൂസലെന്യേ പത്തുശതമാനം കണ്ട് വർധിപ്പിച്ചുകൊണ്ടേയിരിക്കുന്നു! ഈ കാപട്യത്തിന്ന് ഒരറുതി വരുത്തിയേ തീരൂ. ഇന്ത്യ രണ്ടിലൊന്നു തീരുമാനിക്കണം. ഈ പുറം പൂച്ച് അസമത്വത്തേയും അന്യായത്തേയും ന്യായീകരിക്കുമോ?

ചുമരെഴുത്ത് വളരെ വ്യക്തമാണ്. ജനങ്ങളുടെ മൗലീകാവകാശങ്ങളെ ഇങ്ങനെ നിരന്തരം ധ്വംസിച്ചാൽ ഉണ്ടാകാൻ പോകുന്നത് സംഘർഷവും അക്രമങ്ങളുമാണ്. മിനിമം വേതനവും തൊഴിലവകാശ വേതനവും “മിനിമം നടപടി”കളാണ്; ഒന്ന് മറ്റേതിനെ ശക്തിപ്പെടുത്തുകയാണ് വേണ്ടത്. ഇന്ത്യ ഒരു സാമ്പത്തിക വൻശക്തിയാകുന്നുവെന്ന് അവകാശപ്പെടുമ്പോൾ ദരിദ്രരിൽവച്ച് ദരിദ്രരായവർക്ക് മിനിമം വേതനം നൽകാനെങ്കിലും കഴിയണം. ❑

# അരാജകത്വം അഴിഞ്ഞാടുന്ന ഛത്തീസ്ഗഡിലൂടെ

**- തുഷ മിത്തൽ -**

**ഒ**രിടത്ത് ഒരു മരത്തിന്മേൽ നക്ഷലുകൾ ആണിയടിച്ചുറപ്പിച്ചു നിർത്തിയിരിക്കുന്ന ഒരു ബോർഡ് ഞങ്ങളുടെ ശ്രദ്ധയിൽപെട്ടു. രക്ഷാസേനക്കാർ പത്തു ആദിവാസി സ്ത്രീകളെ ബലാത്സംഗം ചെയ്തു എന്നാണതിൽ പറഞ്ഞിരിക്കുന്നത്. ഇതിനെപ്പറ്റി അന്വേഷിക്കാൻ ഞങ്ങൾ പുറപ്പെട്ടു. സി.ആർ.പി. ക്യാമ്പ് സ്ഥിതി ചെയ്യുന്ന ചിന്തൽനാറിൽനിന്ന് ഒരു കിലോമീറ്റർ സഞ്ചരിച്ചപ്പോഴേക്കും സാധാരണ വേഷത്തിലുള്ള ഒരു സൈനികൻ ഞങ്ങളെ തടഞ്ഞു. വഴി കാണിക്കാൻ ഞങ്ങളോടൊപ്പം വന്നിരുന്ന തദ്ദേശീയനായ വഴികാട്ടിയെയാണ് അയാൾ ഭീഷണിപ്പെടുത്തിയത്. "നിനക്കിവിടെ ജീവിക്കേണ്ടവനാണെന്ന് ഓർത്തുകൊള്ളൂ" എന്നായിരുന്നു ഭീഷണി. എന്തെല്ലാം പറഞ്ഞിട്ടും മുന്നോട്ടുപോകാൻ ഞങ്ങൾക്കനുമതി കിട്ടിയില്ല.

ഒടുവിൽ ഞങ്ങൾ പിന്മാറി. ആന്ധ്രയോട് തൊട്ടുകിടക്കുന്ന പ്രദേശമാണ് ചിന്തൽനാർ. അതിനാൽ സംഭവസ്ഥലത്തേക്ക് ഞങ്ങൾ ആന്ധ്രയിലൂടെ പ്രവേശിച്ചു. സാധാരണ ഗതിയിൽ 80 കിലോമീറ്റർകൊണ്ട് എത്താവുന്ന പ്രദേശത്ത് എത്തിച്ചേരാൻ ഞങ്ങൾക്ക് 300 കിലോമീറ്റർ സഞ്ചരിക്കേണ്ടിവന്നു.

മാവോയിസ്റ്റുകളെ അമർത്താനെന്ന നിലക്ക് ഛത്തീസ്ഗഡ് ഗവർമ്മേണ്ട് അനുവർത്തിക്കുന്ന തന്ത്രങ്ങൾ പലതാണ് - സാമൂഹ്യ ജീവിതത്തെ പാടെ തകർക്കുക,



ഛത്തീസ്ഗഡ് മുഖ്യമന്ത്രി രമണ സിങ്

പത്രക്കാരുമായോ കോടതിയുമായോ ബന്ധപ്പെടാൻ ആദിവാസികൾക്ക് അവസരം നിഷേധിക്കുക, തങ്ങളുടെ ചേരിയിൽ നിൽക്കുന്നവർക്കെല്ലാം തോക്കു നൽകുക, കൃത്രിമ സംഘട്ടനങ്ങൾ സംഘടിപ്പിക്കുക, ഒരു കാരണവുമില്ലാതെത്തന്നെ കണ്ടവരെ പിടിച്ച് ജയിലിലിടുക, ദൃഷ്ടിയിൽ പെടുന്ന ആദിവാസി സ്ത്രീകളെ ബലാത്സംഗം ചെയ്യുക എന്നിവയെല്ലാം സുലഭമായി ഉപയോഗിക്കുന്നുണ്ട്. വാസ്തവത്തിൽ ബലാത്സംഗമാണ് സൈനികരുടെ പ്രധാന ആയുധം. ഛത്തീസ്ഗഡിലെ ദന്തെവാദെ ജില്ലയിലെ ആദിവാസി സ്ത്രീകൾക്ക് രണ്ട് പോംവഴിയേയുള്ളൂ. ഒന്നുകിൽ എല്ലാം സഹിക്കുക അല്ലെങ്കിൽ കാടിന്റെ ഉൾഭാഗങ്ങളിലേക്ക് രക്ഷപ്പെടുക.

സാൽവജൂഡും എന്ന ഗുണ്ടാസേനക്ക് ഗവർമ്മേണ്ട് രൂപം നൽകിയത് 2005 ജൂണിലാണ്. സാൽവജൂഡും എന്ന പേരിന്റെ അർത്ഥം "സമാധാന ജാഥ" എന്നാണ്. മാവോയിസ്റ്റുകളെ ആട്ടിപ്പായിക്കാൻ ജനങ്ങൾ സ്വമേധയാ രൂപം നൽകിയ സമാധാന സേനയാണിതെന്നാണ് ഗവർമ്മേണ്ടിന്റെ വാദം. ജനങ്ങളെ അവരുടെ ഗ്രാമങ്ങളിൽനിന്ന് ആട്ടി പുറത്താക്കുകയും സാൽവജൂഡും തയ്യാറാക്കുന്ന ക്യാമ്പുകളിൽ കൊണ്ടുവന്ന് താമസിപ്പിക്കുകയും ചെയ്യുക എന്നതാണ് അവരുടെ അടവ്. ബസ്താറിൽതന്നെ 644 ഗ്രാമങ്ങളുണ്ട്. ഗ്രാമീണരെയെല്ലാം ആട്ടിയോടിക്കും. എതിർക്കുന്നവരെ കൊന്നുകളയും ഒന്നരലക്ഷത്തോളം ആളുകളെ ഇങ്ങനെ അവരുടെ ഗ്രാമങ്ങളിൽനിന്ന് ആട്ടിയോടിച്ചിട്ടുണ്ട്. ഇവരെ പാർപ്പിക്കാൻ ബസ്താറിൽ 2005 ജൂണിൽ 23 ക്യാമ്പുകൾ തുറന്നു. മാവോയിസ്റ്റുകളെ സംരക്ഷിക്കുന്നത് ഗ്രാമീണരാണെന്നും, ഗ്രാമീണരെ ഓടിച്ചാൽ പിന്നെ മാവോയിസ്റ്റുകൾക്ക് രക്ഷയുണ്ടാവില്ലെന്നുമുള്ള സങ്കൽപ്പത്തിലാണ് ഈ പരാക്രമം മുഴുവൻ നടത്തിയത്. എതിർക്കാൻ ശ്രമിച്ചവരുടെ കുടിലുകൾക്ക് ജൂഡൂമുകൾ തീവച്ചു. ജൂഡൂമുകൾ സ്ഥലം വിട്ടപ്പോൾ ബാക്കിവന്ന വീടുകൾക്ക് മാവോയിസ്റ്റുകളും തീവച്ചു.

വാസ്തവത്തിൽ ജൂഡൂമുകൾ ബസ്താറിനെ പിളർന്നിരിക്കുകയാണ്. ക്യാമ്പുകളിൽ കഴിയുന്നവരും ഗ്രാമങ്ങളിൽ കഴിയുന്നവരുമുണ്ട്. റോഡരികിൽ കുടിൽ കെട്ടിയവരും കാട്ടിൽ ഓടിക്കയറിയവരുമുണ്ട്. ഗവർമ്മേണ്ടിന്റെ സംരക്ഷണത്തിലുള്ളവരും നക്ഷൽ സംരക്ഷണത്തിലുള്ളവരുമുണ്ട്. ക്യാമ്പുകളിലുള്ളവരുടെ ജീവിതം നിശാനിയമത്തിലെന്നപോലെയാണ്. സന്ധ്യക്ക് ആറുമണിക്കുമുമ്പ് ക്യാമ്പിലെത്തണം. അതുകഴിഞ്ഞാൽ വെടിപൊട്ടും. ആരേയും വിശ്വസിക്കാനാവില്ല.

കോണ്ട പട്ടണത്തിലെ അസ്സാംഭായിക്ക് ജൂഡൂമുകൾ പ്രത്യക്ഷപ്പെടുന്നതുവരെ മാസത്തിൽ 10,000 ക. വനവിഭവ വിപണനത്തിൽ വരുമാനമുണ്ടായിരുന്നു. ഇപ്പോൾ 3000 രൂപയുടെ കച്ചവടം പോലും നടക്കുന്നില്ല. ആദിവാസികൾ ചന്തയിൽ വരുന്നത് അപൂർവ്വമാണ്.

ക്യാമ്പുകളിൽ എത്തുന്ന ചെറുപ്പക്കാരെയെല്ലാം ജൂഡൂമുകളാക്കിക്കൊണ്ടിരിക്കുകയാണ്. തൊഴിലൊന്നുമില്ലാത്തവരും മാവോയിസ്റ്റ് അക്രമങ്ങൾക്കിരയായവരുമാണ് ഇവരിൽ മിക്കവരും. ക്യാമ്പിൽ ഭക്ഷണം കിട്ടും. വല്ല പണിയുമെടുത്ത് നാലു കാശുണ്ടാക്കാനും പറ്റും. ഇവരിൽ അല്പം തടിമിടുക്കുള്ളവരെ "സ്പെഷൽ പോലീസ് ഓഫീസറാ"യി പ്രമോട്ട് ചെയ്യുന്നു. തുടക്കത്തിൽ 2150 ക. ശമ്പളം കിട്ടും. പോലീസുകാരനാകണമെങ്കിൽ വിദ്യാഭ്യാസം വേണം; കായികക്ഷമതയുണ്ടാകണം; ഒരു പരീക്ഷയിൽ പാസാകുകയും വേണം. എന്നാൽ ഈ സ്പെഷൽ പോലീസ് ഓഫീസറാകാൻ ഇതൊന്നും വേണ്ട. പതിനെട്ടു വയസ്സു തികഞ്ഞവരും ക്യൂണിസ്റ്റ് വിരുദ്ധരും കാടും മലയും ഏതൊക്കെയാണെന്ന് അറിവുള്ളവരുമായ ആർക്കും സ്പെഷൽ പോലീസ് ഓഫീസറാകാം. ആദിവാസി പെൺകുട്ടികളെ പിടികൂടി ബലാത്സംഗം നടത്തുന്നവരിൽ മിക്കവരും ഈ സ്പെഷൽ പോലീസ് ഓഫീസർമാരാണ്. ആറുമാസത്തെ പരിശീലനമാണ് ഈ "സ്പെഷലുകൾ"ക്ക് ലഭിക്കുന്നത്. ഈ ചുരുങ്ങിയ കാലയളവിന്നുള്ളിൽ നാടൻ തോക്കു മുതൽ A.K. 47വരെയുള്ള ആയുധങ്ങൾ ഉപയോഗിക്കാൻ പരിശീലിപ്പിച്ചിരിക്കും.

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-12-2010

ഛത്തീസ്ഗഢിൽ ഇപ്പോൾ ആകെ 12,000 സ്പെഷൽ പോലീസുകാരെങ്കിലുമുണ്ടെന്നാണ് അനൗദ്യോഗിക കേന്ദ്രങ്ങൾ പറയുന്നത്. ഈ സ്പെഷലുകളിൽ മിടുക്കന്മാരായവരെ ഉൾപ്പെടുത്തി ജില്ലാ സേനകളും ഉണ്ടാക്കുന്നുണ്ട്. ജില്ലാ സേനയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടാൽ മാസം 12,000 ക. യാണ് തുടക്കത്തിലെ ശമ്പളം. കഴിഞ്ഞ ജൂണിൽ ജില്ലാ സേനയിലെ 120 ഒഴിവുകളിൽ 70 ഒഴിവിലും സ്പെഷലുകളെയാണ് നിയമിച്ചത്. അഞ്ചാംക്ലാസ് പാസായിട്ടുള്ള ആർക്കും ജില്ലാ സേനയിൽ നിയമനം കിട്ടും.

ബസ്താറിൽ ചന്തയൊന്നും പ്രവർത്തിക്കാത്തതിനാൽ ജനങ്ങളിപ്പോൾ അങ്ങകലെ അതിർത്തിക്കപ്പുറത്ത് ആന്ധ്രയിലുള്ള ചന്തകളിൽ പോയാണ് ഇടപാടുകൾ നടത്തുന്നത്. ദന്തേവാദ പട്ടണത്തിലെ ആസ്പത്രിയിൽ ഒരൊറ്റ MBBS ഡോക്ടർ പോലുമില്ലാത്തതിനാൽ രോഗികളും ആന്ധ്രയിൽ ചികിത്സ തേടി പോകുന്നു. സ്കൂളുകളെല്ലാം അർദ്ധസൈനിക വിഭാഗങ്ങൾ കയ്യടക്കിയിരിക്കുന്നതിനാൽ കുട്ടികൾക്കും ആന്ധ്രയാണ് ശരണം.

ജൂഡും പൊട്ടിമുളച്ചുണ്ടായിട്ട് അഞ്ചു കൊല്ലം കഴിഞ്ഞുവെങ്കിലും, ഇവർ തല്ലിപുറത്താക്കുന്ന ഗ്രാമീണരെ പുനരധിവസിപ്പിക്കാൻ ഇനിയും ഒരു സംവിധാനവും ഉണ്ടാക്കിയിട്ടില്ല. ക്യാമ്പുകളിൽ കഴിയുന്നവർക്ക് സ്വന്തം ഗ്രാമത്തിലേക്ക് പോകണമെന്ന് താല്പര്യമുണ്ട്. അവർക്ക് മാവോയിസ്റ്റുകളെ പേടിയില്ല. ജൂഡും പ്രത്യക്ഷപ്പെടുന്നതുവരെ മാവോയിസ്റ്റുകൾ ഗ്രാമീണരെ ഉപദ്രവിച്ചിരുന്നില്ല.

സുപ്രീം കോടതി ഇടപെട്ടതുകൊണ്ടാണെന്നു തോന്നുന്നു സാൽവ ജൂഡുമിനിപ്പോൾ കാര്യമായ സർക്കാർ പിന്തുണ ലഭിക്കുന്നില്ല. ജൂഡൂമിന്റെ ക്യാമ്പുകൾക്കു നൽകിവന്നിരുന്ന സൗജന്യ റേഷൻ ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ട്. ജൂഡൂം നേതാവായ കോർസ സാംമു മുഖ്യമന്ത്രിയെ കണ്ട് ഇതിന്നൊരു വിശദീകരണം ആവശ്യപ്പെട്ടു. "നിങ്ങളെ എന്നുമിങ്ങനെ തീറ്റിപ്പോറ്റാനാവില്ല. നിങ്ങൾ സ്വന്തം കാലിൽ നിൽക്കാൻ പഠിക്കണം. സൗജന്യ റേഷൻ ഇന്നല്ലെങ്കിൽ നാളെ നിർത്താതിരിക്കാനാവില്ല" എന്നായിരുന്നു മുഖ്യമന്ത്രിയുടെ മറുപടി.

ഇതിപ്പോൾ വല്ലാത്ത ഗതികേടിന്ന് കാരണമായിട്ടുണ്ട്. ഡോർണ പാൽ ക്യാമ്പിൽ കഴിയുന്ന ഗ്രാമീണർക്ക് 20 കിലോമീറ്റർ ദൂരെയുള്ള സ്വന്തം ഗ്രാമത്തിലെത്തി കൃഷിപ്പണി നടത്തണം. എവിടെ നിന്നാണ്, എപ്പോഴാണ്, വെടിപൊട്ടുക എന്നറിയാതെ പേടിച്ചരണ്ടാണ് ഈ യാത്ര. "നാട്ടിൽ തിരിച്ചു വരൂ. ഞങ്ങൾ ഉപദ്രവിക്കില്ല" എന്നു പറയുന്ന നക്ഷൽ നോട്ടീസ് പലർക്കും കിട്ടിയിട്ടുണ്ട്. പക്ഷെ ഇതൊന്നും വിശ്വസിക്കാനാവില്ല. പോലീസിന്റെ ചാരനാണെന്ന് നക്ഷലുകൾക്ക് സംശയം തോന്നിയാൽ അതോടെ കഥകഴിയും. നക്ഷലാണെന്ന് പോലീസിന്ന് സംശയം തോന്നിയാലും സംഭവിക്കുക അതുതന്നെയാണ്. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.